NERVEEDHI
Volume -13, Issue - 09, 10th September 2024, Monthly, Price ₹ 25, Published at Kottayam
വാല്യം-13, ലക്കം-09, സെപതംബർ 2024 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

## അമ്മമാരുടെ ശുശ്രൂഷ ദൈവദൃഷ്ടിയിൽ....

പേജ് 11



Editorial

# നല്ലൊരു ഔഷധം...!

നമുക്ക് ചുറ്റും നടക്കുന്ന സംഭവങ്ങൾ ഏതൊരു മനുഷ്യന്റെയും സ്വസ്ഥതയെയും സമാധാനത്തെയും കെടുത്തുന്നതാണ്. വിവിധ തലങ്ങളിൽ ഏറെക്കുറെ സമസ്ത മേഖലകളിലുമുള്ള ആനുകാലിക സംഭവങ്ങൾ മനുഷ്യരെ ഉത്കണ്ഠാകുലരാക്കുന്നതാണ്. സ്വസ്ഥതയും സമാധാനവും കണ്ടെത്തുന്നതിനായി മനുഷ്യർ മദ്യത്തിലും മയക്കുമരുന്നിലും അങ്ങനെയുള്ള നശീകരണ പ്രവർത്തികളിലും മുഴുകുന്നു. അൽപ്പമെങ്കിലും ശേഷിക്കുന്ന സമാധാനത്തെ ഇല്ലായ്മ ചെയ്തു മാനുഷഹൃദയങ്ങളെ അസ്വസ്ഥവും അശുദ്ധവുമാക്കുന്ന വിധത്തിൽ കാര്യങ്ങൾ നീങ്ങുകയാണ്. എങ്ങനെയാണ് ശുദ്ധവും നല്ലതുമായ ഒരു ഹൃദയം ലഭിക്കുക എന്നറിയാതെ കലങ്ങി മറിയുകയാണ് മാനവകുലം. ഹൃദയം സമാധാനപൂരിതവും ശുദ്ധവുമാകണം എന്നതാണ് എല്ലാവരുടെയും ആഗ്രഹവും ആവശ്യവും. ഹൃദയശുദ്ധി പ്രാപിക്കുവാനുള്ള ഏകവഴി സത്ഗുണസമ്പൂർണ്ണനായ യേശുകർത്താവിന്റെ അടുക്കൽ പാപബോധത്തോടും അനുതാപത്തോടും ഏറ്റുപറച്ചിലോടും കൂടെ വന്ന് ക്രൂശിൽ ചൊരിഞ്ഞ പുണ്യാഹരക്തത്താലും വചനത്താലും ശുദ്ധീകരണം പ്രാപിക്കുക എന്നതാണ്. 'നിന്റെ ഭാരം എന്റെ മേൽ ഇട്ടുകൊൾക' എന്ന് കർത്താവാണ് നമ്മോട് അരുളി ചെയ്തിട്ടുള്ളത്. ഏറ്റവും വലിയത് പാപഭാരം തന്നെയാണ്.

'എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നത് പോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്'. ലോകത്തിന്റെ സമാധാനം ക്ഷണികവും പ്രതീക്ഷിക്കാത്ത വിപരീത ഫലങ്ങൾ ഉളവാക്കുന്നതും ആണ്. എന്തായിത്തീരും എന്നു വ്യാകുലപ്പെടാതെ ആവശ്യങ്ങളെല്ലാം യാചനയോടും സ്തോത്രത്തോടു കൂടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു എങ്കിൽ മനുഷ്യന്റെ ഗ്രഹണശക്തിക്ക് അതീതമായ ദൈവിക സമാധാനം ഹൃദയങ്ങളെയും ചിന്തകളെയും ക്രിസ്തുയേശുവിൽ സംരക്ഷിക്കും. ശ്രേഷ്ഠവും പ്രശംസനീയവുമായ കാര്യങ്ങൾ വിചിന്തനം ചെയ്തനുസരിക്കുന്ന പക്ഷം സമാധാന ദാതാവായ ദൈവം നമ്മിൽ വസിച്ചു നമ്മെ ശുദ്ധീകരിക്കും.

നിർമ്മലമായ ഒരു ഹൃദയം നമ്മിൽ സുസ്ഥിരമാകണമെങ്കിൽ കർത്താവിന്റെ വാഗ്ദത്തങ്ങളും വ്യവസ്ഥകളും ഹൃദയത്തിൽ സംഗ്രഹിച്ച് പ്രായോഗികമാക്കേണ്ടതാണ്. ഇവിടെ ഹൃദയം എന്ന് പറയുന്നത് നാല് അറകൾ ഉള്ള മാംസ ഹൃദയത്തെക്കുറിച്ച് അല്ല. പ്രത്യുത, ആത്മമനുഷ്യന്റെ അഥവാ അകത്തെ മനുഷ്യന്റെ ആത്മീയഹൃദയത്തെയാണ് ഉദ്ദേശിക്കുന്നത്: 'സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധമാകുന്നു' എന്ന് തിരുവെഴുത്ത് നമ്മെ ഓർമിപ്പിക്കുന്നുണ്ട്. സംതൃപ്തിയും സന്തോഷവും ശുദ്ധവുമായ ചൈതന്യമുള്ള ഹൃദയം എങ്ങനെ കണ്ടെത്താനാവുമെന്നു ഊന്നൽ കൊടുത്തുകൊണ്ടാണ് ഈ ലക്കത്തിലെ സന്ദേശം നമ്മെ പ്രബോധിപ്പിക്കുന്നത്.

ഇത് ദുഷ്ക്കാലം ആണല്ലോ. കാമ്പും കഴമ്പും ഉള്ള പരിശുദ്ധാത്മ പ്രേരിതമായ ലേഖനങ്ങളിൽക്കൂടി വായനക്കാരുടെ പരാമാർത്ഥ മനസിനെ ഉണർത്തുന്നതാണ് ഈ ലക്കത്തിലെ ഓരോ ചിന്തകളും. ഒന്നും പാഴാക്കരുതേ എന്ന അപേക്ഷയോടു കൂടി ഈ ലക്കം മാന്യവായനക്കാർക്കായി സമർപ്പിക്കുന്നു. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

പുസ്തകം 13 ലക്കം 9
സെപ്തംബർ 2024

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**നല്ല ഹൃദയം** 4
ജോയ് എം. തോമസ്

**അമ്മമാരുടെ ശുശ്രൂഷ ദൈവദൃഷ്ടിയിൽ....** 7
സാജു മാത്യു

**പരിജ്ഞാനത്തിലേക്കു വളരുന്നത് എങ്ങനെ?** 9
ചെയ്സ് ജോസഫ്

**എങ്കിലും നാം ക്ഷമിച്ചേ മതിയാവൂ...** 11
ജോർജ് മാത്യു, പുതുപ്പള്ളി

**വിശ്വാസം അതിപ്രാധാനം** 13
ഡേവിഡ് വിൽക്കേഴ്സൺ

**വാർദ്ധക്യം പ്രത്യാശാസമൃദ്ധിയോടെ** 16
അനു ഗ്രേസ് ചാക്കോ

**ലോകം നീങ്ങുന്നത് എവിടേക്കാണ്...?** 18
ടി.പി. ജോസ്

**ചിത്രശലഭ സമാനമായ രൂപാന്തരം...** 20
ബിജു ജോസഫ്

**വനിതാ വീഥി** 22

**വേദ അധ്യയനം** 24
ജോയ് എം. തോമസ്

**സമാപ്തിക്കുറിപ്പ്** 31
എംസി

സന്ദേശം



ജോയ് എം തോമസ്

# നല്ല ഹൃദയം...

നല്ല ഹൃദയം ആത്മീകജീവിതത്തിന്റെ കേന്ദ്രബിന്ദുവാണ്. ഹൃദയം ഒരു സംഭരണമുറി അഥവാ കലവറ ആണെന്ന് പറയാം. 'സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊള്ളുക, ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്' (സദൃശ്യവാക്യങ്ങൾ 4: 23) എന്ന് ശലോമോൻ രേഖപ്പെടുത്തിയിരിക്കുന്നു. അതിന്റെ അർത്ഥം ഹൃദയം ഇച്ഛാശക്തിയുടെ ഉറവിടമാണ്. തീരുമാനങ്ങൾ എടുക്കുന്നതും സൂക്ഷിക്കുന്നതും ഹൃദയത്തിലാണ്. ജീവന്റെ ഉറവിടമായ ദൈവത്തെ സ്വീകരിക്കുന്നതും വാഴിക്കുന്നതും ഹൃദയത്തിലാണ്. അതിനാൽ ജീവന്റെ ഉത്ഭവം ഹൃദയത്തിലാണ് സംഭവിക്കുന്നത്.

ഒരു വ്യക്തിയുടെ സംസാരം ശ്രദ്ധിച്ചാൽ ഹൃദയത്തിന്റെ നിലവാരം അറിയാം. യേശുകർത്താവ് അരുളിച്ചെയ്ത വചനങ്ങൾ ശ്രദ്ധിക്കുക: 'ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നതു. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർനിക്ഷേപത്തിൽനിന്നു തീയതു പുറപ്പെടുവിക്കുന്നു' (മത്തായി 12:34,35). ഹൃദയം നല്ലതോ ചീത്തയോ എന്നത് ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഒരു മനുഷ്യൻ ചിന്തിക്കുന്നതും ഇഷ്ടപ്പെടുന്നതും ആഗ്രഹിക്കുന്നതുമായ കാര്യങ്ങളാണ് ഹൃദയത്തിൽ സംഭരിക്കപ്പെടുന്നത്. കാണുന്നതും കേൾക്കുന്നതും തൊടുന്നതും മണക്കുന്നതും വായിച്ചറിയുന്നതും എല്ലാം മനസ്സിൽ പതിയുന്നതിന് കാരണമാകുന്നു. അവയെ ഇഷ്ടപ്പെടുകയും അവയെക്കുറിച്ച് ചിന്തിച്ച് തുടങ്ങുകയും ആഗ്രഹിക്കുകയും ഒക്കെ ചെയ്യുമ്പോൾ അവ ഹൃദയത്തിൽ സംഗ്രഹിക്കപ്പെടുകയാണ്. അതുകൊണ്ട് 'സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊള്ളുക' എന്ന പ്രബോധനം വളരെ ഗൗരവമായി നാം സ്വീകരിക്കണം.

ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതാണ് വായ് സംസാരിക്കുന്നതെന്ന് നമ്മുടെ കർത്താവ് നമുക്ക് പറഞ്ഞ് തന്നിരിക്കുന്നു. ഹൃദയത്തിൽ ദൈവത്തിലുള്ള വിശ്വാസം നിറഞ്ഞാൽ നമ്മുടെ വാക്കുകൾ വിശ്വാസത്തിന്റേതായിരിക്കും. ദൈവത്തിലുള്ള അവിശ്വാസമാണ് ഹൃദയത്തിൽ നിറയുന്നതെങ്കിൽ വാക്കുകൾ സംശയത്തിന്റെയും ദൈവത്തിന്റെ പ്രവർത്തികളെ

**ഒരു മനുഷ്യൻ ചിന്തിക്കുന്നതും ഇഷ്ടപ്പെടുന്നതും ആഗ്രഹിക്കുന്നതുമായ കാര്യങ്ങളാണ് ഹൃദയത്തിൽ സംഭരിക്കപ്പെടുന്നത്. കാണുന്നതും കേൾക്കുന്നതും തൊടുന്നതും മണക്കുന്നതും വായിച്ചറിയുന്നതും എല്ലാം മനസ്സിൽ പതിയുന്നതിന് കാരണമാകുന്നു.**

നിരാകരിക്കുന്നതും അവിശ്വസിക്കുന്നതും ആയിരിക്കും. പരീശന്മാർ ഇത്തരത്തിലുള്ളവർ ആയിരുന്നു. ന്യായപ്രമാണം നന്നായി അറിയുന്നവരും പ്രമാണിക്കുന്നവരും എന്നവർ അവകാശപ്പെട്ടിരുന്നു, എങ്കിലും അവർ അവിശ്വാസികൾ ആയിരുന്നു. അവിശ്വാസത്താൽ അവരുടെ ഹൃദയം ദുഷ്ടത നിറഞ്ഞതായിത്തീർന്നു. അവരുടെ ദുഷ്ടഹൃദയത്തിൽ നിന്നും പുറപ്പെട്ട വാക്കുകൾ അവിശ്വാസത്തിന്റെയും ദൈവത്തോടുള്ള അഭക്തിയുടെയും മത്സരത്തിന്റേതും ആയിരുന്നു

കുരുടനും ഊമനുമായ ഒരു ഭൂതഗ്രസ്തനെ യേശുകർത്താവ് സൗഖ്യം ആക്കിയപ്പോൾ അവിശ്വാസികളും വിമർശകരുമായിരുന്ന പരീശന്മാർ അവനെ ആക്ഷേപിച്ചുകൊണ്ട് 'ഇവൻ ഭൂതങ്ങളുടെ തലവനായ ബേത്സബൂലിനെക്കൊണ്ടല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല'(മത്തായി 12:24) എന്നാണ് പറഞ്ഞത്. അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന മശിഹാ, ദൈവം പ്രവാചകന്മാരിൽ കൂടി അരുളി ചെയ്തിരുന്ന വചനപ്രകാരം അവരുടെ മധ്യേ വന്നിട്ടും, അവർ സ്വന്തം കണ്ണുകൾ കൊണ്ട് മശിഹായെ കാണുകയും അവിടുത്തെ പ്രവർത്തികൾ കാണുകയും ഉപദേശം കേൾക്കുകയും ചെയ്തിട്ടും, വിശ്വസിക്കുവാൻ കഴിയാതവണ്ണം ഹൃദയം അത്രമാത്രം കഠിനമായതും ദുഷ്ടത നിറഞ്ഞതും ആയിരുന്നു. ഹൃദയത്തെ ജാഗ്രതയോടെ കാക്കാതിരുന്നതിന്റെ ദോഷഫലം എത്ര കടുപ്പമുള്ളതായിരുന്നു എന്ന് ചിന്തിക്കുക.

ഒരു നല്ല ഹൃദയത്തിന്റെ അത്യാവശ്യം എത്ര വലുതാണ് എന്ന് നാം ഓരോരുത്തരും മനസ്സിലാക്കുകയും ഹൃദയത്തെ നല്ല ഹൃദയമായി നിലനിർത്തുവാൻ ഉത്സാഹിക്കുകയും വേണം. നല്ല ഒരു ഹൃദയം നമുക്ക് എങ്ങനെ പ്രാപിക്കുവാനും നിലനിർത്തുവാനും കഴിയും? പ്രധാനമായും മൂന്നു കാര്യങ്ങൾ സ്ഥലപരിമിതിയിൽ നിന്നുകൊണ്ട് വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നു

**1 അനുതാപം ഉള്ളവർ ആകുക:**

തെറ്റ് സംഭവിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ തെറ്റ് സമ്മതിക്കാതിരിക്കുന്നതും തിരുത്താതിരിക്കുന്നതും ഹൃദയ കാഠിന്യമാണ്. അനുതാപമുള്ള ഹൃദയമാണ് ദൈവം നമ്മിൽ നിന്നും ആവശ്യപ്പെടുന്നത്, തെറ്റ് സമ്മതിച്ച് തിരുത്തുന്ന ഒരു ഹൃദയം. ഇത് നന്നായി മനസ്സിലാക്കിയ ദാവീദ് പറയുന്നു: 'ഹനനയാഗം നീ ഇച്ഛിക്കുന്നില്ല, അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു. ഹോമയാഗത്തിൽ നിനക്ക് പ്രസാദവുമില്ല. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്. തകർന്നും നുറുങ്ങിയും ഇരിക്കുന്ന ഹൃദയത്തെ ദൈവമേ, നീ നിരസിക്കുകയില്ല'. ദാവീദ് പറയുന്നതാണ് വാസ്തവം. തകർന്നും നുറുങ്ങിയും ഇരിക്കുന്ന ഹൃദയം, അതായത് തെറ്റ് സമ്മതിച്ച് തിരുത്തുന്ന അനുതാപമുള്ള ഒരു ഹൃദയമാണ് ദൈവം ഇഷ്ടപ്പെടുന്നത്. യെശയ്യാ പ്രവാചകനിലൂടെ ദൈവം അതുതന്നെയാണ് ഇസ്രായേലിനോട് അരുളി ചെയ്തത്. 'എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും' (യെശയ്യാവ് 66 :2) അതെ, അനുതാപമുള്ള ഹൃദയം തന്നെയാണ് ദൈവം ആവശ്യപ്പെടുന്നത്. ദൈവത്തിന്റെ വചനം അതിന്റെ ഗൗരവത്തോടെ സ്വീകരിച്ച് അനുസരിക്കുന്നവരാകണം നാം എന്നും ദൈവം ആഗ്രഹിക്കുന്നു.

**2: ദൈവവചനത്തിൽ സന്തോഷിക്കുക:**

നല്ല ഒരു ഹൃദയം അനുതാപമുള്ള ഹൃദയം ആയിരിക്കും എന്നതുപോലെ അത് ദൈവവചനം സന്തോഷത്തോടെ സ്വീകരിക്കുകയും വചനം അനുസരിക്കുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്നതാണ്. ഒന്നാം സങ്കീർത്തനം അനുഗ്രഹിക്കപ്പെട്ടവനെക്കുറിച്ച് അഥവാ ഭാഗ്യവാനെക്കുറിച്ച് ഇങ്ങനെ പറയുന്നു: 'ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണം രാപ്പകൽ ധ്യാനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ' (സങ്കീർത്തനങ്ങൾ 1:1, 2). ദൈവവചനത്തോടുള്ള പ്രതികരണം എങ്ങനെയായിരിക്കും എന്നുള്ളത് ഹൃദയം എപ്രകാരമുള്ളതാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ദൈവവചനത്തിൽ സന്തോഷിക്കുവാൻ കഴിയുന്നവർക്ക് ദൈവവചനം എപ്പോഴും ധ്യാനിക്കുവാൻ കഴിയുന്നു. അവരുടെ ചിന്താമണ്ഡലത്തിൽ ദൈവവചനം വ്യാപരിച്ചു കൊണ്ടിരിക്കും. അവരുടെ പ്രവർത്തികളെ ദൈവവചനം സ്വാധീനിക്കുന്നു. അവരുടെ ഹൃദയത്തിൽ ദൈവഭയം ഉണ്ട്. അത് അവരുടെ മനോഭാവത്തിലും എല്ലാ ഇടപാടുകളിലും പ്രതിഫലിക്കുന്നു. നല്ല ഹൃദയത്തിന്റെ പ്രത്യേകതകളാണ് ഇവയെല്ലാം.

വിത്ത് വിതയ്ക്കുന്നവന്റെ ഉപമയിൽക്കൂടി കർത്താവ് നാല് തരം ഹൃദയ അവസ്ഥയെക്കുറിച്ച് പറയുന്നുണ്ട്. വഴിയരികെ വീണ വിത്തിനു സമാനമായ ഹൃദയം. അതായത് ആളുകൾ വഴി നട

ന്നുനടന്ന് ഉറച്ചും തറച്ചും പോയ നിലത്തിന് തുല്യം. അനേക വിഷയങ്ങൾ കയറിയിറങ്ങി കഠിനപ്പെട്ടു കൊണ്ടിരിക്കുന്ന ഹൃദയം. ആ ഹൃദയത്തിൽ വീഴുന്ന വചനം ആകുന്ന വിത്തിനെ പിശാച് വേഗത്തിൽ എടുത്തു കളയുന്നു. പിന്നെത്തേത് പാറസ്ഥലമാണ്. വിത്തിന് വേരിറങ്ങുവാൻ മണ്ണില്ല. സുഖലോലുപത ഇഷ്ടപ്പെടുന്ന മനസ്സാണ് അത്. വചനം നിമിത്തം ഉണ്ടാകുന്ന പ്രതികൂലങ്ങളെ തരണം ചെയ്യുവാനുള്ള മനസ്സില്ല. നിത്യതയുടെ കാഴ്ചപ്പാടിനേക്കാൾ അധികം ഈ ലോക ജീവിതത്തിലെ സുഖം മോഹിക്കുന്ന ഹൃദയം! മൂന്നാമത്തെ കൂട്ടർ മുള്ളുകൾ നിറഞ്ഞ നിലമാണ്. ലോകചിന്തകളും ദ്രവ്യാഗ്രഹവും തഴച്ചു വളരുന്ന ഹൃദയം. ഈ ചിന്തകൾ വചനത്തെ ഞെരുക്കി കളയുന്നു. എന്നാൽ ഫലം നൽകുന്ന നല്ല ഹൃദയം എന്നത് നന്നായി ഇളകിയ മണ്ണിന് തുല്യമാണ്. രൂപാന്തരത്തിന് തയ്യാറായ മനസ്സ്. തകർന്നും നുറുങ്ങിയുമുള്ള ഹൃദയം. ദൈവവചനത്തിൽ ആനന്ദിക്കുന്ന ഒരു ഹൃദയം!

**3 സത്യത്തെ സ്നേഹിക്കുക:**

സത്യം മാത്രമേ കർത്താവ് പറയുകയുള്ളൂ. സത്യതൽപ്പരരായവർക്ക് മാത്രമേ കർത്താവ് പറയുന്നത് കേൾക്കുവാനും, മനസ്സിലാക്കുവാനും കഴിയുകയുള്ളൂ. തന്റെ വചനങ്ങൾ ഗ്രഹിക്കാതെ അത് തള്ളിക്കളഞ്ഞവരോട് കർത്താവ് 'എന്റെ ഭാഷണം നിങ്ങൾ ഗ്രഹിക്കാത്തത് എന്ത്? എന്റെ വചനം കേൾപ്പാൻ നിങ്ങൾക്കു മനസ്സില്ലായ്കകൊണ്ടത്രേ. നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്വാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ട് സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്ക് പറയുമ്പോൾ സ്വന്തത്തിൽനിന്ന് എടുത്തു പറയുന്നു. അവൻ ഭോഷ്ക് പറയുന്നവനും, അതിന്റെ അപ്പനും ആകുന്നു. ഞാനോ സത്യം പറയുന്നതുകൊണ്ടു നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല' (യോഹന്നാൻ8:43-45). സത്യത്തെ സ്നേഹിക്കാത്തവർക്ക് പിശാചിന്റെ ഭോഷ്ക്കു വിശ്വസിക്കുവാൻ ആണ് താല്പര്യം. അനേകർ അവിശ്വാസികളും സ്വയവഞ്ചിതരുമായി നാശത്തിലേക്കു പോകുന്നതിന്റെ കാരണം പൗലോസ് അപ്പൊസ്തലനിലൂടെ പരിശുദ്ധാത്മാവ് കുറിച്ചിരിക്കുന്നു: 'അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽതന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനു ദൈവം അവർക്കു ഭോഷ്ക് വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു' (2 തെസ്സലോനിക്ക്യർ 2 :9 12). ഇന്നും അനേകർ ഭോഷ്ക്കിന്റെ ആത്മാവിന് അധീനരായിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ക്രിസ്തീയഗോളത്തിൽ ഭോഷ്ക്കിന്റെ വർദ്ധന നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ? അതിനാൽ സത്യതൽപരരായിരിക്കുവാൻ ശ്രദ്ധിക്കുക.

**ഭോഷ്ക് ഇഷ്ടപ്പെടുന്നവർ:**

ഇത്തരക്കാർ സ്വയം ശിക്ഷാവിധി തെരഞ്ഞെടുക്കുകയാണ്. കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'ന്യായവിധി (ശിക്ഷാവിധി) എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളത് ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നെ. തിന്മ പ്രവർത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെ പകയ്ക്കുന്നു; തന്റെ പ്രവൃത്തിക്ക് ആക്ഷേപം വരാതിരിപ്പാൻ വെളിച്ചത്തിങ്കലേക്കു വരുന്നതുമില്ല. സത്യം പ്രവർത്തിക്കുന്നവനോ, തന്റെ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കയാൽ അതു വെളിപ്പെടേണ്ടതിന് വെളിച്ചത്തിങ്കലേക്കു വരുന്നു. ( യോഹന്നാൻ 3:19 - 21). വെളിപ്പാട് പുസ്തകത്തിൽ കർത്താവ് ശിക്ഷാവിധി പ്രഖ്യാപിച്ചിരിക്കുന്നു: ഭോഷ്ക് പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്ക ആകുന്നു (വെളിപ്പാട് 21 :8). ഭോഷ്ക് പ്രവർത്തിക്കുന്നവൻ ആരും പുതിയ യെരുശലേമിൽ പ്രവേശിക്കില്ല (വെളിപ്പാട് 21: 27). ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കുകയും ചെയ്യുന്ന ഏവനും പുറത്തുതന്നെ (വെളിപ്പാട് 22:15).

സത്യത്തെ സ്നേഹിക്കുന്ന ഹൃദയം നല്ല ഹൃദയമാണ്. അതാണ് നമുക്ക് ആവശ്യം ആയിരിക്കുന്നത്. സത്യമായിരിക്കുന്നതും ദൈവത്തിൽ നിന്നുള്ളതും ദൈവത്തിനു പ്രസാദകരമായ ചിന്തകൾ കൊണ്ട് നമ്മുടെ ഹൃദയത്തെ സകല ജാഗ്രതയോടും കൂടെ കാക്കുവാൻ നമുക്ക് ഉറച്ച തീരുമാനം ഉണ്ടായിരിക്കണം. നല്ല ഹൃദയത്തിന് ഉടമകൾ ആയിരിക്കുവാൻ നമുക്ക് കഴിയട്ടെ. ●



സാജു മാത്യു

# അമ്മമാരുടെ ശുശ്രൂഷ ദൈവദൃഷ്ടിയിൽ....

***"അതിനു പട്ടണവാതില്ക്കൽ ഇരുന്ന സകല ജനവും മൂപ്പന്മാരും പറഞ്ഞത്, നിന്റെ വീട്ടിൽ വന്നിരിക്കുന്ന സ്ത്രീയെ യഹോവ റാഹേലിനെപ്പോലെയും ലേയയെപ്പോലെയും ആക്കട്ടെ, അവർ ഇരുവരുമല്ലോ യിസ്രായേൽ ഗൃഹം പണിതത്" (രൂത്ത് 4:11).***

"മനുഷ്യരെ നല്ലവരാക്കുവാൻ പരിശ്രമിക്കുന്നതു ദൈവമാണ്." ഒരമ്മ തന്റെ മകനെ പറഞ്ഞു മനസിലാക്കാൻ പരിശ്രമിക്കുകയായിരുന്നു. "എനിക്കറിയാം," മകൻ പറഞ്ഞു; "എന്നാൽ അമ്മമാർ ദൈവത്തെ ഒത്തിരി സഹായിക്കുന്നുണ്ട്." അതെ, മനുഷ്യരെ നല്ലതാക്കുന്നതിലും ചീത്തയാക്കുന്നതിലും അമ്മമാർ വലിയ പങ്കു വഹിക്കുന്നുണ്ട്. ഒരു കുട്ടിയുടെ സ്വഭാവരൂപീകരണം നടക്കുന്നതു പ്രധാനമായും അവന്റെ ആദ്യത്തെ അഞ്ചുവയസു വരെയാണ്. അതുവരെ അവൻ കൂടുതൽ ഇടപഴകുന്നതു അമ്മയോടൊപ്പം ആയിരിക്കണമല്ലോ. പിന്നീടുള്ള വർഷങ്ങളിലും കുട്ടികളിൽ അമ്മയുടെ സ്വാധീനം കുറയുന്നില്ല.

ആരാണ് അമ്മ എന്ന ചോദ്യത്തിന് പ്രൈമറി ക്ലാസിലെ ഒരു കുട്ടി എഴുതിയത് "നിങ്ങളുടെ ആവശ്യങ്ങളൊക്കെ നോക്കിനടത്തുന്ന, നിങ്ങൾ സ്കൂളിൽ നിന്നു വരുമ്പോൾ നിങ്ങളുടെ ഭക്ഷണം ഒരുക്കിവെച്ച് നിങ്ങളെ കഴിപ്പിക്കുന്ന ആൾ. സ്കൂളിൽ നിന്നു വരുമ്പോൾ വീട്ടിൽ അമ്മയില്ലെങ്കിൽ എങ്ങനെയാണു ഭക്ഷണം കഴിക്കുന്നതെന്ന് നിങ്ങൾക്ക് അറിയില്ല; ഭക്ഷണം കഴിക്കണം എന്നു നിങ്ങൾക്ക് ഒട്ടു തോന്നുകയുമില്ല" എന്നാണ്! അതെ, അമ്മയാണ് കുട്ടിയുടെ മനസ്സു നിറയെ! ഭവനം പണിയുന്നതിൽ പിതാക്കന്മാരുടെ പങ്കു നിഷേധിക്കാനാവില്ലെങ്കിലും ഭവനത്തിന്റെ പണിയിൽ ദൈവത്തെ കൂടുതൽ സഹായിക്കുന്നത് അമ്മമാർ തന്നെയല്ലേ? ബോവസിന്റെയും രൂത്തിന്റെയും വിവാഹവിവരണമാണു നമ്മുടെ വേദഭാഗത്ത്. അതിൽ പങ്കെടുത്ത എഫ്രാത്ത് ബേത്ലഹേം നിവാസികളും മൂപ്പന്മാരും പുതിയ കുടുംബത്തെ പ്രാർഥിച്ച് അനുഗ്രഹിച്ചത് ഇങ്ങനെയാണ്: "നിന്റെ വീട്ടിൽ വന്നിരിക്കുന്ന സ്ത്രീയെ യഹോവ റാഹേലിനെപ്പോലെയും ലേയയെപ്പോലെയും ആക്കട്ടെ. അവർ ഇരുവരുമല്ലോ യിസ്രായേൽഗൃഹം പണിതത്" (രൂത്ത് 4:11).

നോക്കുക, യിസ്രായേൽഗൃഹം പിതാവായ യാക്കോബ് പണിതു എന്നല്ല, മാതാക്കളായ റാഹേലും ലേയയും പണിതു എന്നാണു മൂപ്പന്മാർ ഇവിടെ ഏറ്റുപറയുന്നത്. പുതിയ കുടുംബത്തിലേക്കു പ്രവേശിച്ച രൂത്തിന്റെ ദൈവിക ഉത്തരവാദിത്വവും മറ്റൊന്നല്ല, യിസ്രായേൽഗൃഹം പണിയുക എന്നതുതന്നെ. ഭവനം പണിയുക എന്നതു ചില്ലറക്കാര്യമൊന്നുമല്ല. വീടുപണിയുന്നതുപോലെയല്ല അത്. ഇഷ്ടികയും സിമന്റും കൊണ്ട് വീടു പണിയാം. എന്നാൽ, ഭവനം പണിയുന്നത് വ്യക്തികളെക്കൊണ്ടാണ്. കൃത്യമായിപ്പറഞ്ഞാൽ മക്കളെക്കൊണ്ട്. ഇവിടെ അമ്മ മക്കളുടെ ദശയും മസിലും മാത്രം വളർത്തിയാൽ 'ഭവനം' പണിയപ്പെടുകയില്ല. അതിനാവശ്യം കുട്ടികളുടെ സ്വഭാവത്തെ ദൈവികമായി ഒരുക്കിയെടുക്കുകയാണ്. ഇന്നു മാതാപിതാക്കൾ പ്രത്യേകിച്ച്, മാതാക്കൾ, കുട്ടികളുടെ ശരീരപുഷ്ടിയെക്കുറിച്ചും വിദ്യാഭ്യാസവളർച്ചയെക്കുറിച്ചും മാത്രമേ ചിന്തിക്കുന്നുള്ളൂ. വിദ്യാഭ്യാസം തന്നെ വിദ്യക്കുവേണ്ടിയല്ല, പഠിച്ചു നല്ല ജോലി കിട്ടി, ജോലിയിൽ നിന്നു പണം കിട്ടാൻ വേണ്ടിയാണ്. അണിഞ്ഞൊരുങ്ങാൻ അഴകുള്ളൊരു ശരീരം, അസൂയ ജനിപ്പിക്കും വിധം ആഡംബരപൂർണ

മായ ജീവിതം... ഇതല്ലാതെ ഇന്നു സാധാരണ അമ്മമാർ മക്കൾക്കു മറ്റൊന്നും കൊടുക്കുന്നില്ല.

അനിഷ എന്ന ധനികയായ പെൺകുട്ടിയെ ചെറിയപ്രായം മുതൽ അവളുടെ അമ്മ വിലകൂടിയ വസ്ത്രങ്ങൾകൊണ്ട് അണിയിച്ചൊരുക്കി. അമ്മയുടെ പൊങ്ങച്ചത്തിനു മകൾ ഒരു ഉപാധിയായിരുന്നു. സുന്ദരിയായിരുന്ന അനീഷ നന്നായി പഠിക്കുകയും, ഡാൻസു ചെയ്യുകയും ഫാഷൻഷോകളിൽ മേനി കാണിക്കുകയും ചെയ്തു. അമ്മയായിരുന്നു അവൾക്ക് എല്ലാമെല്ലാം. നൈറ്റ്ക്ലബുകളിൽ മകളുടെ നൃത്തത്തിന് അമ്മയും കാവൽ പോയി. ചെറിയപ്രായത്തിൽ അവൾ മദ്യം രുചിച്ചു. അനീഷയുടെ അമ്മയെ ക്ലബിൽ എല്ലാവരും അസൂയയോടെ നോക്കി.

ഒരുദിവസം നൃത്തം ചവിട്ടുന്നതിനിടെ അനിഷ തല കറങ്ങിവീണു. ആശുപത്രിയിൽവെച്ച് അവരറിഞ്ഞു, അനിഷയ്ക്ക് ബ്ലഡ്കാൻസറാണെന്ന്. അപ്പോൾ അവർ പ്രാർഥിക്കാൻ പട്ടക്കാരെ വിളിച്ചു. വൃദ്ധനായ പട്ടക്കാരൻ അനിഷയോടു ചോദിച്ചു: “മകളേ, ദൈവം നിനക്ക് സൗഖ്യം തരട്ടെ, അതല്ല, ഇനി മരിക്കുകയാണെങ്കിൽ അതിനുവേണ്ടി നീ ഒരുങ്ങിയിട്ടുണ്ടോ? നിന്റെ നിത്യത നീ യേശുവിനോടൊപ്പമായിരിക്കുമോ? അതോ നരകത്തിലോ?”

നിത്യതയുടെ യാഥാർഥ്യത്തിനു മുമ്പിൽ അനിഷ ഭയന്നുവിറച്ചു. അമ്മയെ വിളിച്ച് അവൾ വിലയേറിയ വസ്ത്രങ്ങളും ആഭരണങ്ങളും കൊണ്ടുവരുവാൻ പറഞ്ഞു. അമ്മ അതുകൊണ്ടുവന്നപ്പോൾ അവൾ പറഞ്ഞു: “ഇതാണെന്നെ നശിപ്പിച്ചത്! സ്കൂളിൽ നിങ്ങളെന്നെ അണിയിച്ചൊരുക്കിവിട്ടു. പള്ളിയിലും ഏത് ഉടുപ്പിട്ടു പോകണമെന്നുമാത്രം നിങ്ങൾ പറഞ്ഞു. ക്ലബുകളിൽ നിങ്ങളെന്റെ കൂടെയിരുന്നു. നൃത്തത്തിന്റെ ചുവടുകൾ പറഞ്ഞുതന്ന നിങ്ങൾ ഒരിക്കലും എനിക്കു നിത്യതയെക്കുറിച്ച് പറഞ്ഞുതന്നില്ല. പ്രദർശിപ്പിക്കുവാനായി എന്റെ ശരീരത്തെ അണിയിച്ചൊരുക്കിയ നിങ്ങൾ ഒരിക്കലും മരണത്തിനായി എന്നെ ഒരുക്കിയില്ല. നിങ്ങൾ... നിങ്ങളാണ് എന്നെ നശിപ്പിച്ചത്.” അമ്മയുടെ നേരെ കൈചൂണ്ടി അവൾ പറഞ്ഞു. അമ്മയെ ശപിച്ചുകൊണ്ടു അവളെത്തന്നെ ശപിച്ചുകൊണ്ടു കട്ടിലിൽ കിടക്കുമ്പോൾ അനിഷയുടെ കണ്ണുകൾ അവസാനമായി അടഞ്ഞു.

വിവാഹിതയാവുന്ന ഏതു സ്ത്രീയെക്കുറിച്ചും അവൾ അവളുടെ കുഞ്ഞുങ്ങളിലൂടെ ദൈവത്തിന് ഒരു ഭവനം പണിയണമെന്നാണ് തന്റെ ഹിതം. ഭവനം പണിയാൻ വലിയ പഠിപ്പും പത്രാസുമൊന്നും വേണമെന്നില്ല. റാഹേലിന്റെയും ലേയയുടെയും കാര്യമെടുക്കുക. ആടിനെ മേയിച്ചു നടന്ന വെറും ഇടയപ്പെൺകുട്ടികളായിരുന്നു അവർ. പറയത്തക്ക ആത്മീയപശ്ചാത്തലവും അവർക്ക് ഇല്ലായിരുന്നു. അവരുടെ പിതാവ് ചതിയനും വിഗ്രഹാരാധിയും ആയിരുന്നു. അവരെയാണു ദൈവം യിസ്രായേൽ ഗൃഹം പണിയാനേല്പിച്ചതെന്നോർക്കണം.

റാഹേലും ലേയയും പരിപൂർണരൊന്നുമല്ലായിരുന്നു. എന്നാലും അവർ വിശുദ്ധിയിൽ ജീവിച്ചവരായിരുന്നു എന്നതു മറക്കരുത്. യാക്കോബും അവന്റെ സ്നേഹപാത്രമായിത്തീർന്ന റാഹേലും ഒരേവീട്ടിൽ ഒരു കയ്യകലത്തിൽ ഒരുമിച്ച് താമസിച്ചിട്ടും ഏഴുവർഷം അവർ അവിഹിതമായി അവരുടെ മോഹങ്ങൾ പൂർത്തീകരിക്കാൻ മുതിരാതെ വിശുദ്ധരായി ജീവിച്ചു എന്നത് ഒരു ചെറിയ കാര്യമല്ല. ദൈവം യാക്കോബിനോടു ലാബാന്റെ ഗൃഹം വിട്ടിറങ്ങാൻ പറഞ്ഞപ്പോൾ, സുരക്ഷിതത്വം നോക്കാതെ, ഭാവിയെപ്പറ്റി ആശങ്കപ്പെടാതെ, യാക്കോബിനോടൊപ്പം ഇറങ്ങിത്തിരിച്ച റാഹേലും ലേയയും ദൈവാശ്രയത്തിലും ഒട്ടും കുറഞ്ഞവരല്ല. വിശുദ്ധിയും ദൈവാശ്രയവുമാണു യിസ്രായേൽഗൃഹം പണിയാൻ അവരെ സഹായിച്ചത്. തനിക്കുള്ളതേ ഒരമ്മയ്ക്കു മക്കൾക്കു പകർന്നുകൊടുക്കാനാവൂ.

യിസ്രായേൽഗൃഹം പണിയാൻ ഇവിടെ ഇതാ, ഒരു പുതിയ സ്ത്രീ എത്തിയിരിക്കുന്നു. റാഹേലിനെയും ലേയയെയും പോലെ തന്നെ രൂത്തും ആത്മീയപാരമ്പര്യമൊന്നും അവകാശപ്പെടാനില്ലാത്ത ഭവനത്തിൽ നിന്നു വരുന്നു. അവളൊരു മോവാബ്യ യുവ വിധവയാണ്. എന്നാൽ ന്യായപ്രമാണം കയ്യിലുള്ള യിസ്രായേൽ ജനത്തിൽ നിന്നുപോലും ഉത്തമസ്ത്രീ എന്ന സാക്ഷ്യം പ്രാപിച്ചവളായിരുന്നു അവൾ (രൂത്ത് 3:11). രൂത്തിന്റെ മരിച്ചുപോയ ഭർത്താവിന്റെ ചാർച്ചക്കാരനാണു ബോവസ്. അവളുടെ ഭർത്താവിന്റെ അന്യാധീനപ്പെട്ടുപോയ വസ്തുവകകൾ വീണ്ടെടുക്കാനും, അവളെ വിവാഹം കഴിക്കാനുമുള്ള അവകാശം ചാർച്ചക്കാരൻ എന്ന നിലയിൽ ബോവസിനുണ്ട്. എന്നാൽ ബോവസിനെക്കാൾ അടുത്ത ഒരു ചാർച്ചക്കാരൻ കൂടെയുള്ളതിനാൽ അയാളുടെ സമ്മതം കൂടിയുണ്ടെങ്കിലേ

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# പരിജ്ഞാനത്തിലേക്കു വളരുന്നത് എങ്ങനെ?

**എബ്രായർ 5:11 മുതൽ 6:12 വരെ**

യേശുക്രിസ്തു എന്ന മഹാപുരോഹിതൻ മൽക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നേയ്ക്കും ഒരു പുരോഹിതൻ എന്ന് പറഞ്ഞ ശേഷം അടുത്ത വാക്യത്തിൽ ലേഖനകർത്താവു പറയുന്നത് ഇനിയും വളരെ കാര്യങ്ങൾ പറയുവാനുണ്ട് എന്നാണ്. *തമിഴ് ബൈബിളിൽ അത് കുറച്ചുകൂടെ വ്യക്തമായി ഈ മൽക്കിസെദേക്കിനെ പറ്റി വളരെ പറയുവാൻ ഉണ്ട് എന്നാണ് എഴുതിയിരിക്കുന്നത്.* എന്താണ് ഈ മൽക്കിസെദേക്കിനെക്കുറിച്ച് ഇത്രയും പറയുവാനുള്ളത്? ഈ മൽക്കിസെദേക് എന്ന് പറഞ്ഞിരിക്കുന്നത് കൊണ്ട് അത് യേശുക്രിസ്തു എന്ന മഹാപുരോഹിതനെക്കുറിച്ചാണ് എന്ന് വ്യക്തമാണ്. അതായതു യേശുക്രിസ്തുവിനെക്കുറിച്ച് നാം ഒരിക്കലും അറിഞ്ഞു തീരുന്നില്ല. കർത്താവിന്റെ മഹാപൗരോഹിത്യം നമുക്ക് ഇനിയും മനസ്സിലാക്കേണ്ടതായിട്ടുണ്ട്. അതിനു എന്താണ് വഴി?

യേശു എന്ന മഹാപുരോഹിതനെക്കുറിച്ച് കൂടുതൽ പറയണം എന്നുണ്ടെങ്കിലും പറഞ്ഞാൽ അത് ഉൾക്കൊള്ളുവാനുള്ള പ്രാപ്തി അന്ന് അത് വായിക്കുന്നവർക്ക് ഇല്ല എന്ന് ലേഖനകർത്താവ് പറയുന്നു. വേദപുസ്തകത്തിലെ എല്ലാ ലേഖനങ്ങളും അന്ന് പ്രത്യേക വിഭാഗങ്ങൾക്കു വേണ്ടി എഴുതിയതായിരുന്നു. അവരാണ് ഒന്നാമത്തെ വായനക്കാർ. നാമാണ് തുടർന്നുള്ള വായനക്കാർ. കേൾക്കുവാൻ മാന്ദ്യം ഉള്ളവർ എന്ന് എഴുതിയിരിക്കുന്നതുകൊണ്ട് പ്രധാനമായും അത് അന്നത്തെ വായനക്കാർക്ക് ഉള്ളതാണ്. എന്നാൽ നമ്മുടെ അവസ്ഥ എന്താണ്? നാം കർത്താവിനെ ആഴമായി അറിയുന്ന ആ പരിജ്ഞാനത്തിന്റെ തലത്തിലേക്ക് വളർന്നിട്ടുണ്ടോ?

ഇന്നത്തെ സങ്കടകരമായ കാര്യം, യേശുക്രിസ്തുവിനെ അടിസ്ഥാനപരമായി പോലും അറിയാൻ വയ്യാത്ത രീതിയിൽ ഇന്ന് ആത്മീക മാന്ദ്യം വ്യാപരിച്ചിരിക്കുന്നു. ഇന്ന് ആളുകൾ പൊതുവെ കർത്താവിനെ മനസ്സിലാക്കുന്നത് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം വരുത്തുവാനും ഇവിടുത്തെ ജീവിതവും ബിസിനസ്സും സുഗമം ആക്കുവാനും ഇടപെടുന്ന ഒരു മധ്യസ്ഥൻ ആയി മാത്രം ആണ് . അതേസമയം തന്നെ നമ്മുടെ രക്ഷയ്ക്കായി മധ്യസ്ഥത അണച്ച് വേദനയോടെ കരയുന്ന ഒരു മഹാപുരോഹിതനെ കുറിച്ച് ആരും ചിന്തിക്കാറില്ല. നമ്മെ കർത്താവു വീണ്ടും ജനിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തത് എങ്ങനെ എന്നുപോലും അറിയാൻ പറ്റാത്ത അവസ്ഥയിൽ ലോകമയത്വത്തിലുള്ള മാന്ദ്യം സഭകളെ വൻതോതിൽ ബാധിച്ചിരിക്കുന്നു.

എബ്രായ ലേഖനം മനസിലാക്കുവാൻ വളരെ ബുദ്ധിമുട്ടുള്ള പുസ്തകമായി പരിഗണിക്കുന്നത് കൊണ്ടാണ്, ഇന്ന് പലരും ആ പുസ്തകത്തെ അവഗണിക്കുന്നത്. അപ്പോൾ പിന്നെ ഇതിനേക്കാൾ കൂടുതൽ ഗഹനമായി എഴുതിയിരുന്നെങ്കിലുള്ള അവസ്ഥ എന്താകുമായിരുന്നു? വളരെ ലളിതമായ വേദപുസ്തക ഭാഗങ്ങൾ പോലും ഇന്ന് മനസ്സിലാക്കാൻ പറ്റാത്ത രീതിയിലേക്ക് ആത്മീക മാന്ദ്യം പടർന്നു പിടിച്ചിരിക്കുന്നു. ഈ മാന്ദ്യം

കാരണം ദൈവീക മർമ്മങ്ങളെ തെളിയിച്ചു തരാൻ കഴിയുന്നില്ല എന്നാണ് ലേഖനകർത്താവ് പറയുന്നത്.

ഈ പ്രസ്താവന ഒരു വലിയ വേദശാസ്ത്രപരമായ പ്രശ്നത്തെ ഉളവാക്കുന്നു. അപ്പോൾ വേദപുസ്തകത്തിലെ വെളിപ്പാടുകൾ പൂർണ്ണമല്ലേ? വായിക്കുന്നവരുടെ മാന്ദ്യം കാരണം പല ഭാഗങ്ങളും രേഖപ്പെടുത്താതെ പോയിട്ടുണ്ടോ? ക്രിസ്തുവിന്റെ പൂർണതയിലേക്ക് വളരുവാൻ നമുക്ക് എല്ലാ ആത്മീക ദാനങ്ങളും വെളിപ്പാടുകളും ആവശ്യമാണല്ലോ. എന്നാൽ ദൈവത്തിന്റെ കൃപയാൽ അങ്ങനെ സംഭവിച്ചിട്ടില്ല. ശരിക്കും ലേഖനകർത്താവ് ഇവിടെ പറയുന്നത്, മാന്ദ്യത മാറി പരിജ്ഞാനം പ്രാപിക്കുമ്പോൾ ആരും പറയാതെ തന്നെ ആന്തരീക വെളിപ്പാടിലൂടെ കാര്യങ്ങൾ നമുക്ക് മനസിലാകുന്നു എന്നാണ്. ക്രിസ്തു എന്ന അടിസ്ഥാനത്തിൽ നിന്നും ക്രിസ്തു എന്ന മഹാപുരോഹിതനോടുള്ള താദാത്മ്യം എന്ന മനോഹരമായ അവസ്ഥയിലേക്ക് വളരുന്നതിനെയാണ് ആണ് നാം ക്രിസ്തീയ പരിജ്ഞാനം എന്ന് പറയുന്നത്. ഇത് നാം അനുഭവിച്ചു മനസ്സിലാക്കുന്ന ഒരു തലം ആണ് . ആർക്കും ഉപദേശിക്കാൻ പറ്റാത്ത ഒരു തലം. ആ തലത്തിൽ നാം ജീവിക്കുന്നത് വേദപുസ്തകം എന്ന അടിസ്ഥാനത്തിലുറച്ച ക്രിസ്തുവിന്റെ വെളിപ്പാടുകളാൽ ആണ്. അവിടെ ആരുടേയും ഉപദേശത്തിന്റെ ആവശ്യമില്ല. ആത്മാവിന്റെ ശബ്ദം കേൾക്കുന്ന, ക്രിസ്തുവിന്റെ വെളിപ്പാടിനാൽ മാത്രം ജീവിക്കുന്ന ഒരവസ്ഥ ആണ് അത്. കർത്താവു പുതിയനിയമത്തിന്റെ അടിസ്ഥാനങ്ങൾ ആയി പറഞ്ഞിരിക്കുന്ന എല്ലാ നീതിനിയമങ്ങളും ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ നിന്നും മാത്രം വരുന്നതാണ്. ഇങ്ങനെ ആണ് വിശ്വാസത്തിനു അനുസരണം വരുന്നത്.

എബ്രായർ 6: 12-14 വരെയുള്ള വാക്യങ്ങൾ ആത്മീക ശൈശവാവസ്ഥയുടെ അപകടങ്ങൾ ആണ് കാണിച്ചു തരുന്നത്. എബ്രായ ലേഖനത്തിന്റെ വായനക്കാരും കൊരിന്ത്യ സഭയിലെ വിശ്വാസികളും തമ്മിൽ ഉള്ള ഒരു പ്രധാന സാമ്യം എന്നത് അവരുടെ ആത്മീക ശൈശവാവസ്ഥ ആണ്. കൊരിന്ത്യ ലേഖനത്തിൽ ഈ ശൈശവ അവസ്ഥയെ ജഡീകത്വം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. കാതലായ കാര്യങ്ങൾ ഒന്നും കേൾക്കാനോ മനസ്സിലാക്കാനോ പറ്റാത്ത ഒരു അവസ്ഥ ആണ് ശൈശവാവസ്ഥ എന്നത്. അവർക്കു കേൾക്കേണ്ടത് അവരുടെ ജഡത്തിന് രസം തോന്നുന്ന, ആസക്തി തോന്നുന്ന കാര്യങ്ങൾ മാത്രം ആണ്. ഇന്ന് നാം നമുക്കു ചുറ്റും കാണുന്നത് ഇതുമാത്രം ആണ്. ഈ ശൈശവത്വം കൊണ്ട് എന്താണ് സംഭവിക്കുന്നത്? വീട്ടിൽ ഒരു കുഞ്ഞുണ്ടാവുമ്പോൾ എല്ലാവരും സന്തോഷിക്കും. ഒരു പാപി വീണ്ടുംജനിച്ചു ദൈവത്തിന്റെ പൈതലായിത്തീരുമ്പോൾ സ്വർഗ്ഗത്തിലും വലിയ സന്തോഷം ആണ്. പക്ഷെ കുഞ്ഞു ജനിച്ചു വർഷങ്ങൾ കഴിഞ്ഞാലും പാലു മാത്രം കുടിക്കുന്ന, കരയുന്ന, വലിയ കാര്യങ്ങൾ ഒന്നും ചിന്തിക്കാൻ കഴിയാത്ത ഒരു ശിശു ആയിരുന്നാൽ ആ വീട്ടിൽ സന്തോഷം ഉണ്ടാവമോ? ആ ശൈശവത്വം നമുക്ക് ആസ്വദിക്കാൻ കഴിയുമോ? ഇന്ന് അനേക ദശാബ്ദങ്ങൾ വിശ്വാസത്തിൽ ആയിരുന്നവരും വളരാൻ പറ്റാത്ത ഈ ശൈശവ അവസ്ഥയിൽ ബന്ധിതരായിരിക്കുന്നു. ഇത് സ്വർഗ്ഗത്തിലും ഭൂമിയിലും സങ്കടം ഉണ്ടാക്കുന്ന കാര്യമാണ്. ആത്മീക ശിശു ജനിച്ചാൽ ഓരോരുത്തരും ക്രിസ്തുവിന്റെ ജീവനിൽ വളർന്നു കട്ടിയായ ആഹാരം കഴിക്കാൻ കഴിയുന്നവരും, ക്രിസ്തുവിന്റെ നീതിയുടെ അടിസ്ഥാനത്തിൽ നന്മതിന്മകളെ വിവേചിപ്പാൻ കഴിയുന്നവരും ആയി മാറണം. ആത്മീകപ്രമാണങ്ങളുടെ എല്ലാം ഉദ്ദേശ്യം അതുതന്നെ ആണ്. അതുകൊണ്ട് ഇന്ന് ഏതു സഭയിലും പ്രാഥമിക ക്രിസ്തീയ പാഠങ്ങളെ വീണ്ടുംവീണ്ടും പഠിപ്പിച്ചു കൊണ്ടിരിക്കേണ്ടി വരുന്നു.(അത്രയും പോലും മിക്ക സഭകൾക്കും താല്പര്യമില്ല എന്നുള്ളത് അതിന്റെ വേറെ ഒരു വശം!)

പ്രാഥമിക പാഠങ്ങൾ പോലും തള്ളപ്പെടുന്നിടത്തു ഈ വചനങ്ങൾ നമ്മെ ഉത്തേജിപ്പിക്കേണ്ടതാണ്. എല്ലാവർക്കും തുടക്കത്തിൽ തന്നെ പരിജ്ഞാനത്തിൽ ജീവിക്കാൻ കഴിയുകയില്ല. ഈ വാക്യത്തിൽ നിന്നും നാം പഠിക്കുന്ന ഒരു പ്രധാന പാഠം പുതിയനിയമത്തിന്റെ നീതി ആണ് കട്ടിയായ ആഹാരം എന്നുള്ളത്. ഈ കട്ടിയായ ആഹാരം ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ നിന്ന് മാത്രമേ വരികയുള്ളു എന്ന് മനസിലാക്കാതെ, പലരും സ്വന്തനീതി ആഘോഷിക്കുകയാണ്. നീതിയുടെ വചനം സംബന്ധിച്ച് നിശ്ചയം ഉള്ളവർ ആണ് കട്ടിയായ ആഹാരം കഴിക്കുന്നത്. എപ്പോഴും പാലു കുടിക്കുന്നവർക്ക് വളരെ പക്വമായ ഒരു ദഹനവ്യവസ്ഥ ഉണ്ടാവുകയില്ല. കട്ടിയായതു കേൾക്കുമ്പോൾ അവർ അത് തള്ളിക്കളയും.

ശേഷം പേജ് 30 ▶



**ജോർജ് മാത്യു, പുതുപ്പള്ളി**

# എങ്കിലും നാം ക്ഷമിച്ചേ മതിയാവൂ...

‘ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവുമാകുന്നു’(സങ്കീർത്തനം133:1). എവിടെ ജനം ഐക്യത്തോടും രഞ്ജിപ്പോടും കഴിയുന്നുവോ അവിടെ സന്തോഷവും സമാധാനവും നിറഞ്ഞു നിൽക്കും. പറുദീസയുടെ ഒരു സൗരഭ്യം അവിടെ പരന്നൊഴുകും. കയ്പായ ചിന്തകൾ വച്ചുപുലർത്തുകയും പരസ്പരം കലഹിക്കുകയും ക്ഷമിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തികൾ വസിക്കുന്ന ഭവനങ്ങളിലും ആരാധിക്കുന്ന സഭകളിലും നരകത്തിന്റെ വിഷം വമിച്ചുകൊണ്ടിരിക്കും. പറുദീസയുടെ അംശം നിറഞ്ഞ ഭവനങ്ങൾ തുലോം വിരളമായിക്കൊണ്ടിരിക്കുന്നു. ഭക്തരെന്ന് അവകാശപ്പെടുന്നവരുടെ ഇടയിൽപ്പോലും നീരസവും പകയും വെറുപ്പും സർവസാധാരണമായി മാറിയിരിക്കുന്നു.

ഗിരിപ്രഭാഷണത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യം വിശകലനം ചെയ്യുമ്പോൾ ഇതിന്റെ ഗൗരവം നമുക്കു വ്യക്തമാകും. സഹോദരന് എതിരായ ചിന്തകൾ ഹൃദയത്തിൽ വച്ചുപുലർത്തുന്ന വ്യക്തികൾക്ക് വളരെ കർശനമായ ശിക്ഷാവിധിയുണ്ടാകുമെന്ന് യേശുകർത്താവ് വ്യക്തവും സ്പഷ്ടവുമായി പറഞ്ഞു. എന്തു വില കൊടുത്തും സഹോദരനുമായി നിരന്നുകൊള്ളാനും അനുരഞ്ജനം പ്രാപിച്ചുകൊള്ളാനും കർത്താവ് ഉദ്ബോധിപ്പിക്കുന്നു. അല്ലാത്തപക്ഷം ഭയാനകങ്ങളായ ഭവിഷ്യത്തുകൾ ഉണ്ടാകുമെന്നും താൻ മുന്നറിയിപ്പ് നൽകുന്നു. ‘ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെവെച്ചു ഓർമ്മവന്നാൽ നിന്റെ വഴിപാടു അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു, ഒന്നാമതു ചെന്നു സഹോദരനോടു നിരന്നുകൊൾക; പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക. നിന്റെ പ്രതിയോഗിയോടുകൂടെ വഴിയിൽ ഉള്ളപ്പോൾ തന്നേ വേഗത്തിൽ അവനോടു ഇണങ്ങിക്കൊൾക; അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ ചേവകനും ഏല്പിച്ചിട്ടു നീ തടവിൽ ആയിപ്പോകും. ഒടുവിലത്തെ കാശുപോലും കൊടുത്തു തീരുവോളം നീ അവിടെനിന്നു പുറത്തു വരികയില്ല എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു’(മത്തായി 5:23  26). അവർ തടവിൽ ആയിപ്പോകുമെന്നാണ് കർത്താവ് പറയുന്നത്. കരച്ചിലും പല്ലുകടിയും നിറഞ്ഞ അന്ധകാരരാജ്യത്തിൽ അവർ ചെന്നെത്തും.

പിണക്കം തിങ്ങിയവരെ മരണയോഗ്യർ എന്നാണ് അപ്പൊസ്തലനായ പൗലൊസ് വിശേഷിപ്പിക്കുന്നത് (റോമർ 1:29,32). മറ്റൊരു ഭാഗത്ത് ദൈവക്രോധത്തിന് ഇരയാകുന്ന ആക്ഷേപാർഹരായ ആളുകളുടെ കൂട്ടത്തിലാണ് അപ്പൊസ്തലൻ അവരെ ഉൾപ്പെടുത്തിയിരിക്കുന്നത് (2 തിമൊഥെയൊസ് 3:3). പരസ്പരം രഞ്ജിപ്പോടെ ജീവിക്കാൻ വിസമ്മതിക്കുന്ന വിശ്വാസികൾ മറ്റു വിധത്തിൽ ശിക്ഷാവിധിക്കു യോഗ്യരല്ലെങ്കിൽക്കൂടിയും ശിക്ഷിക്കപ്പെടുമെന്നാണ് മേലുദ്ധരിച്ചതിന്റെ അർത്ഥം. യേശുവിന്റെ വാക്കുകൾ സത്യമാണ്. അവയ്ക്ക് അനുസൃതമായി അവൻ പ്രവർത്തിക്കുകയും ചെയ്യും.

നമ്മുടെ വികാരങ്ങളെ ക്ഷതപ്പെടുത്തുകയും നമ്മോട് അനീതി പ്രവർത്തിക്കുകയും ചെയ്തവരോട് ക്ഷമിക്കുക തീർച്ചയായും വിഷമം നിറഞ്ഞ കാര്യം തന്നെയാണെന്ന് യേശുവിനറിയാം.

നമ്മുടെ പ്രശസ്തിക്കു ഹാനിയുളവാക്കുന്നതോ നമ്മുടെ കുടുംബത്തിനു വേദനയുണ്ടാക്കുന്നതോ ആയ വിധത്തിൽ സംസാരിക്കുന്നവരോട് ക്ഷമിക്കുന്നതും പ്രയാസമാണെന്ന് കർത്താവിനറിയാം. എങ്കിലും നാം ക്ഷമിച്ചേ മതിയാവൂ.

നമ്മുടെ ഹൃദയത്തിൽ രൂഢമൂലമായിക്കിടക്കുന്ന കയ്പ് നിറഞ്ഞ ചിന്തകൾ പിഴുതു കളയുവാൻ നാം അശക്തരാണെന്ന കാര്യം യേശുവിനു മനസിലാകുമല്ലോ എന്നു നാം സങ്കല്പിക്കുന്നു. നമ്മെ വേദനിപ്പിച്ചവർക്കു നേരെ നാം കുറ്റാരോപണങ്ങൾ നിരത്തുന്നതും യേശുവിനു മനസിലാകുമല്ലോ എന്നോർത്ത് നാം സമാധാനിക്കുന്നു. തീർച്ചയായും, യേശുവിനെപ്പോലെ നമ്മെ ശരിയായി അറിയുകയും മനസിലാക്കുകയും ചെയ്യുന്നവർ മാറ്റാരുമില്ല. നമ്മുടെ പാപങ്ങളും ബന്ധനങ്ങളും അവിടുന്ന് നന്നായി അറിയുന്നുമുണ്ട്. അവിടുന്ന് കരുണാസമ്പന്നനാണെങ്കിലും കയ്പായ ചിന്തകളും അനൈക്യവും പുലർത്തുന്നവരുടെ മേൽ കർശനമായ ശിക്ഷാവിധിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

യേശുകർത്താവ് നമ്മോട് മഹാകരുണ കാട്ടിയതിനാൽ നാം മറ്റുള്ളവരോടും കരുണ കാട്ടണമെന്ന് യേശു ആഗ്രഹിക്കുന്നു. നമ്മുടെ മനസലിവില്ലായ്മക്കു നേരെ യേശുവിന്റെ ഉഗ്രകോപം ജ്വലിക്കുന്നു. അതിൽനിന്നു തെറ്റിയൊഴിയുവാൻ നമുക്കു സാധ്യമല്ല. കരുണയില്ലാത്ത ദാസന്റെ ഉപമയിൽ കർത്താവ് ഇക്കാര്യം വ്യക്തമാക്കുന്നു. ആയിരം തവണ കർത്താവ് നമ്മോട് ക്ഷമിച്ചിട്ടും പത്തു തവണ പോലും സഹോദരനോട് ക്ഷമിക്കാൻ നമുക്കു കഴിയുന്നില്ലെങ്കിൽ കർത്താവിന്റെ മുമ്പാകെ നമ്മുടെ പാപം ഗുരുതരമാണ്. ദൈവകോപം നമ്മെ ശിക്ഷയ്ക്കു വിധിച്ച് യാതനാസ്ഥലത്തേക്ക് തള്ളിക്കളയുക തന്നെ ചെയ്യും (മത്തായി 18:34).

നാം ക്ഷമിക്കാൻ കൂട്ടാക്കാത്തവരുടെ കരച്ചിൽ ദൈവഹൃദയത്തിലേക്ക് എത്തുന്നു. മിന്നൽപിണർ പോലെ ദൈവം ഉത്തരമരുളുന്നു. കയ്പ്പും രഞ്ജിപ്പില്ലായ്മയും ദൈവകോപത്തെ ജ്വലിപ്പിക്കുന്നു. നീരസവും സൗഹൃദമില്ലായ്മയും നമ്മുടെ യാചനകളുടെ നേരെയുള്ള ദൈവഹൃദയത്തെ അടച്ചുകളയുന്നു. ദൈവത്തോടുള്ള നമ്മുടെ സമീപനത്തിലും അതു തടസം സൃഷ്ടിക്കുന്നു. അതുകൊണ്ട് സഹോദരങ്ങൾക്കു നേരെയുള്ള എല്ലാ കുറ്റാരോപണങ്ങളും കുഴിച്ചുമൂടിയശേഷം രഞ്ജിപ്പോടെ ജീവിക്കാൻ നമുക്കു തീരുമാനിക്കാം . അല്ലാത്തപക്ഷം നാം ശിക്ഷാവിധിയിൽ അകപ്പെടും. രഞ്ജിപ്പില്ലാത്തവരോടൊപ്പം നാമും അന്ധകാരരാജ്യത്ത് പാർക്കേണ്ടതായി വരും.

കൈയ്പ്പു നിറഞ്ഞതും അന്യരിൽ കുറ്റമാരോപിക്കുന്നതുമായ നമ്മുടെ വിചാരങ്ങളും പ്രതികരണങ്ങളും ഒഴിവാക്കണമെങ്കിൽ ദൈവത്തിന്റെ വെളിച്ചം നമ്മിൽ പ്രകാശിക്കണം. സ്വയം വിമർശിക്കേണ്ട കാര്യങ്ങൾക്കാണ് നാം മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതെന്ന് അപ്പോൾ നമുക്കു മനസിലാകും. വേദനയുടെ അസ്വസ്ഥത എല്ലാവർക്കും തുല്യമാണെന്ന് നാം തിരിച്ചറിയും. അങ്ങനെ നാം അന്യരെ കുറ്റപ്പെടുത്തുന്ന സ്വഭാവം ഉപേക്ഷിക്കും . മറ്റുള്ളവരോട് നീരസം പുലർത്തുന്നത് അവസാനിപ്പിക്കും. അനുതാപം മൂലം മറ്റുള്ളവരെ കുറ്റം വിധിക്കുന്ന പ്രകൃതി തന്നെ ഇല്ലാതാകും. കൈപ്പും രഞ്ജിപ്പില്ലായ്മയും നമ്മിൽ നിന്ന് അപ്രത്യക്ഷമാകും.

നമുക്ക് നീരസമുള്ള വ്യക്തിയോട് നിരപ്പാകാൻ സമയം നീട്ടി വെക്കരുത്. ചിലപ്പോൾ അത് സാധ്യമാകാതെവണ്ണം വൈകിപ്പോയേക്കാം. അനുഞ്ജനത്തിനുള്ള അവസരങ്ങൾ മന:പ്പൂർവം പാഴാക്കിക്കളഞ്ഞാൽ സാത്താൻ നമ്മെ അവന്റെ രാജ്യത്തേക്ക് നയിച്ചേക്കാം. മറ്റുള്ളവർ നമ്മെ സ്വീകരിക്കുമോ അവഗണിക്കുമോ എന്നത് അവരുടെ കാര്യം. നമുക്ക് വിനയം നിറഞ്ഞ ഹൃദയവും പ്രതിയോഗിയോട് ആത്മാർത്ഥമായ സ്നേഹവും ഉണ്ടായിരിക്കണമെന്നതാണ് പ്രധാനം. മറ്റുള്ളവരുടെ മനോഭാവത്തിൽ പരിവർത്തനം ഉളവാക്കുവാനും രഞ്ജിപ്പിന്റെ ബന്ധം സ്ഥാപിക്കുന്നതിനും സ്നേഹത്തിന് വലുതായ ശക്തിയുണ്ട്.

നീരസം നിറഞ്ഞ ചിന്തകൾ, കുറ്റാരോപണം നടത്തുന്ന സ്വഭാവം ഇവ നമ്മിൽ ഉള്ളിടത്തോളംകാലം നാം സാത്താനുമായി ചങ്ങാത്തത്തിലാണ്. അനൈക്യം ഒഴിവാക്കി വിശ്വാസത്തിന്റേതായ ഉഗ്രപോരാട്ടം നാം ആരംഭിക്കണം. നമ്മുടെ ഉള്ളിലെ സാത്താന്റെ പ്രവർത്തനങ്ങളെ നശിപ്പിക്കുവാനാണ് യേശു വന്നത്. അതുകൊണ്ട് കയ്പായ ചിന്തകൾ, കുറ്റാരോപണ സ്വഭാവം, അനൈക്യത്തിന്റെ മനോഭാവം, കലഹത്തിന്റെ പ്രകൃതം ഇവയെയെല്ലാം നമ്മിൽ നിന്നു പുറത്താക്കാം. ദൈവത്തിന്റെ കാരുണ്യം നിറഞ്ഞ സ്നേഹത്തെ നമ്മുടെ ഹൃദയത്തിലേക്ക് ധാരാളമായി പകർന്നു തരുവാനാണ് പരിശുദ്ധാത്മാവിനെ ദൈവം നമ്മുടെ ഇടയിലേക്ക് അയച്ചിരിക്കുന്നത്. ആ പരിശുദ്ധാത്മാവിനെ നമ്മുടെ സഹായത്തിനായി ക്ഷണിക്കാം. യേശുവിന്റെ വിജയകരമായ നാമം വിളിച്ചപേക്ഷിക്കുന്നതിൽ നമുക്ക് മടുപ്പ് കാട്ടാതിരിക്കാം.

●



ഡേവിഡ് വിൽക്കേഴ്സൺ

# വിശ്വാസം അതിപ്രാധാനം

**എ**വിടെ നോക്കിയാലും സത്യക്രിസ്ത്യാനികളായി ജീവിക്കുന്നവരുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നത് കാണാം. കുടുംബപ്രശ്നങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ, ഗുരുതരമായ രോഗം, പ്രിയപ്പെട്ടവരുടെ മരണം അല്ലെങ്കിൽ ബിസിനസ് സംബന്ധമായ പ്രശ്നങ്ങൾ എന്നിവയിലൂടെ വിശ്വാസം പരമാവധി പരീക്ഷിക്കപ്പെടുന്നു! നമ്മിൽ പലരും മുമ്പെങ്ങുമില്ലാത്തവിധം അഗ്നിശോധനയിലാണ്.

ദൈവം തന്റെ ജനത്തെ വിളിച്ചിരിക്കുന്നത് അവരുടെ വിശ്വാസം ക്രിസ്തുവിൽ മാത്രം അർപ്പിക്കാനാണ്. നമ്മുടെ അതിജീവനത്തിന്റെ ഒരേയൊരു താക്കോൽ യേശുക്രിസ്തുവിലുള്ള വിശ്വാസമാണെന്ന് നാം മനസ്സിലാക്കണം. ക്രിസ്തുവിലുള്ള വിശ്വാസം നാം ചിന്തിക്കുന്നതും പറയുന്നതും ചെയ്യുന്നതുമായ എല്ലാറ്റിനെയും ബാധിക്കുന്നു. ലോകത്തെയും ജഡത്തെയും പിശാചിനെയും ജയിക്കുന്ന വിജയമാണ് വിശ്വാസം. (1 യോഹന്നാൻ 5:4) മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമുക്ക് നിലകൊള്ളാനുള്ള ഒരേയൊരു മാർഗ്ഗം വിശ്വാസമാണ്. ജീവിക്കാൻ കഴിയുന്ന ഒരേയൊരു മാർഗ്ഗം. സ്നേഹിക്കാൻ കഴിയുന്ന ഒരേയൊരു വഴി. അതിനാൽ ദൈവമക്കൾ എന്ന നിലയിൽ നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം പൂർണ വിശ്വാസത്തിൽ ജീവിക്കുവാൻ അഭ്യസിക്കുക എന്നതാണ്.

**നമുക്ക് നിലകൊള്ളാനുള്ള ഒരേയൊരു മാർഗ്ഗം വിശ്വാസമാണ്. ജീവിക്കാൻ കഴിയുന്ന ഒരേയൊരു മാർഗ്ഗം. സ്നേഹിക്കാൻ കഴിയുന്ന ഒരേയൊരു വഴി. അതിനാൽ ദൈവമക്കൾ എന്ന നിലയിൽ നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം പൂർണ വിശ്വാസത്തിൽ ജീവിക്കുവാൻ അഭ്യസിക്കുക**

ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന വിശ്വാസത്തിന്റെ നിർവചനം 'ദൈവം വാഗ്ദത്തം ചെയ്തത് ദൈവം നിറവേറ്റാൻ പ്രാപ്തനാകും' എന്നുള്ള റോമർ 4:21 ലെ പൗലോസിന്റെ വാക്കുകളാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നാം കാണുന്നതോ കേൾക്കുന്നതോ ചിന്തിക്കുന്നതോ മനസിലെ തോന്നലുകളോ ആയതെല്ലാം ആശിക്കുവാൻ വകയില്ലാത്ത തെളിവുസഹിതമുള്ള കാര്യങ്ങളാണെങ്കിലും ദൈവം താൻ പറയുന്നതെന്തും ചെയ്യുമെന്ന് വിശ്വസിക്കുന്നതാണ് യഥാർത്ഥ വിശ്വാസം! വിശ്വാസം എന്നത് ദൈവത്തിലുള്ള സമൂലമായ ആശ്രയമാണ്.

വിശ്വാസത്തിലൂടെ നാം നിത്യജീവനിലേക്ക് കടക്കുന്നു; വിശ്വാസത്താൽ ദൈവമുമ്പാകെ നാം നീതിമാന്മാരായി പ്രഖ്യാപിക്കപ്പെടുന്നു; വിശ്വാസത്താൽ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു; വിശ്വാസത്താൽ സൗഖ്യം പ്രാപിക്കുന്നു; സൃഷ്ടിയുടെ രഹസ്യങ്ങൾ നാം വിശ്വാസത്താൽ മനസ്സിലാക്കുന്നു; വിശ്വാസത്താൽ നാം ദൈവവചനം പഠിക്കുന്നു; വിശ്വാസത്താൽ വരാനിരി

ക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നു; വിശ്വാസത്താൽ നാം ലോകത്തെ ജയിക്കുന്നു; വിശ്വാസത്താൽ നാം ദൈവത്തിന്റെ സ്വസ്ഥത യിൽ പ്രവേശിക്കുന്നു; പരിശുദ്ധാത്മാവിനാൽ നാം നിയന്ത്രിക്കപ്പെടുകയും ശക്തിപ്പെടുകയും ചെയ്യുന്നു. അതെ, നാം കാഴ്ചയാലല്ല വിശ്വാ സത്താലാണ് നടക്കേണ്ടത്.

ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്റെയും, തനിക്കു വേണ്ടിയുള്ള നമ്മുടെ സേവന ത്തിന്റെയും എല്ലാ മേഖലകളിലും വിശ്വാ സത്തിന്റെ ശക്തി വ്യാപിക്കുന്നു. വിശ്വാസമാണ് നമ്മുടെ ശക്തിയുടെയും ദൈവിക കരുത ലിന്റെയും ധൈര്യത്തിന്റെയും മാർഗനിർദേശ ത്തിന്റെയും ഉറവിടം. ലോക വ്യവസ്ഥിതി യുടെയും ജഡത്തിന്റെയും പിശാചിന്റെയും മേലു ള്ള നമ്മുടെ വിജയത്തിന്റെ നിദാനവും ഇതു തന്നെ. അവസാന നാളുകളിൽ സംഭവിക്കാവുന്ന പരീക്ഷണങ്ങളിലും പീഡനങ്ങളിലും നമ്മെ താ ങ്ങി നിറുത്തുവാൻ കഴിയുന്ന ഒരേയൊരു കാര്യം വിശ്വാസമാണ്. അതിനാൽ വിശ്വാസം എ ന്താണെന്നും എങ്ങനെ ലഭിക്കുന്നുവെന്നും വള രുന്നുവെന്നും കൃത്യമായി മനസ്സിലാക്കേണ്ടത് അ ത്യന്താപേക്ഷിതമാണ്.

നമുക്ക് വിശ്വാസത്താൽ മാത്രമേ ജീവി ക്കാൻ കഴിയൂ. ജീവിതത്തിൽ നിന്ന് വിശ്വാസത്തെ വേർതിരിക്കുന്നത് അസാധ്യമാണ്. കാരണം നാം എടുക്കുന്ന ഓരോ തിരഞ്ഞെടുപ്പും എന്തിലെങ്കി ലും അഥവാ ആരിലെങ്കിലും ഉള്ള വിശ്വാ സത്തിൽ നിന്നോ അവിശ്വാസത്തിൽ നിന്നോ ആ ണ്. അപ്പോസ്തലനായ പൗലോസ് പ്രഖ്യാപിച്ചു: 'ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരി ക്കുന്നു: ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നു'(ഗലാത്യർ 2:20). 'വിശ്വാസത്താൽ ജീവിക്കുക' എന്നത് നമ്മുടെ ഉ ത്തരവാദിത്വമാണ് (എബ്രായർ 10:38). എന്നിരുന്നാ ലും വിശ്വാസത്താൽ ജീവിക്കുക എന്നതിന്റെ അർ ത്ഥം 'അന്ധമായി' ദൈവത്തിൽ വിശ്വസിക്കുക എ ന്നല്ല, മറിച്ച് നമ്മുടെ എല്ലാ ആവശ്യങ്ങളും നി റവേറ്റുന്നതിനായി അവനിൽ 'ജ്ഞാനത്തോടെ' വിശ്വസിക്കുക എന്നതാണ്. **ദൈവം മെച്ചപ്പെട്ട ജീവിതം വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും വിശ്വാ സത്താൽ ആ വാഗ്ദത്തം മുറുകെ പിടിക്കാൻ തീരുമാനമെടുത്തുവെന്നും വിശ്വസിക്കുന്നവ രാണ് വിശ്വാസത്താൽ ജീവിക്കുന്നത്.**

വിശ്വാസത്താൽ ജീവിച്ച ഒരാളുടെ മാതൃക

**വിശ്വാസമാണ് നമ്മുടെ ശക്തി യുടെയും ദൈവിക കരുത ലിന്റെയും ധൈര്യത്തിന്റെയും മാർഗനിർദേശത്തിന്റെയും ഉറ വിടം. അവസാന നാളുകളിൽ സംഭവിക്കാവുന്ന പരീക്ഷണ ങ്ങളിലും പീഡനങ്ങളിലും നമ്മെ താങ്ങി നിറുത്തുവാൻ കഴിയുന്ന ഒരേയൊരു കാര്യം വിശ്വാസമാണ്.**

യാണ് ഇയ്യോബ്. ഇയ്യോബ് തന്റെ പ്രതികൂല സാഹചര്യത്തിൽ നെടുവീർപ്പിട്ടെങ്കിലും ആത്മവി ശ്വാസം നഷ്ടപ്പെട്ടില്ല. ദൈവം, തന്റെ ന്യായാധി പനായും അഭിഭാഷകനായും പ്രതികാരം ചെയ്യു ന്നവനായും പ്രവർത്തിക്കുമെന്ന് വിശ്വസിക്കുന്ന ത് അദ്ദേഹം നിർത്തിയില്ല. വലിയ കഷ്ടപ്പാടുക ൾക്കിടയിലും ഇയ്യോബ് പ്രഖ്യാപിച്ചു: 'എന്റെ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു' എന്ന് (ഇയ്യോബ് 19:25). നാം വിശ്വാസത്താൽ ജീവി ക്കുമോ അതോ ദൈവംചെയ്യുന്നത്കാണാതെയും മനസ്സിലാക്കാതെയും ഇരിക്കേണ്ടി വന്നാൽ ത കർന്നുപോകുമോ എന്ന് തീരുമാനിക്കാൻ ദൈവം നിരന്തരം നമ്മോട് ആവശ്യപ്പെടുന്നു.

1800 കളിൽ ഇംഗ്ലണ്ടിലെ ബ്രിസ്റ്റോളിൽ പാവപ്പെട്ട കുട്ടികളെ സഹായിച്ച മുള്ളർ ആറ് ഭാഷകളിൽ പ്രാവീണ്യം നേടിയിരുന്നു. അദ്ദേഹം അനേക അനാഥാലയങ്ങൾ സ്ഥാപിച്ചു, അനാ ഥരെ സംരക്ഷിച്ചു, സ്കൂളുകൾ നടത്തി, പതിനാ യിരക്കണക്കിനു ബൈബിളുകളും ദശലക്ഷത്തി ലധികം ലഘുലേഖകളും അനേകർക്ക് നൽകി. പരിശുദ്ധാത്മ നടത്തിപ്പും നിരന്തരമായ സമർപ്പ ണവും ദൈവവചനധ്യാനവും പ്രാർത്ഥനയും കൊണ്ടുമാത്രമാണ് അദ്ദേഹത്തിന്റെ എല്ലാ പദ്ധ തികൾക്കും ഫണ്ട് ലഭിച്ചിരുന്നത്. ജോർജ്ജ് മു ള്ളറുടെ വിശ്വസ്തതയ്ക്ക് മറുപടിയായി ദൈവം അദ്ദേഹത്തിന് ആവശ്യമായ എല്ലാ ഫണ്ടും നൽ കി. ദൈവത്തിനു കീഴടങ്ങി വിശ്വാസത്താൽ ജീ വിക്കുന്നതിനുള്ള തന്റെ ലക്ഷ്യം എന്തിനായിരു ന്നു? ദൈവം വിശ്വസ്തനാണെന്നും തന്റെ പ്രാർ ത്ഥനയ്ക്ക് ഉത്തരം നൽകുന്നുവെന്നും മറ്റുള്ള

വരെ ബോധ്യപ്പെടുത്തുക എന്നതിനായിരുന്നു. മുള്ളർ തന്റെ ചുറ്റുമുള്ള എല്ലാവർക്കും ഒരു അത്ഭുത സാക്ഷിയായിരുന്നു. കാരണം അവൻ തന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ദൈവത്തെ മാത്രം നോക്കി.

വിശ്വാസം ദൈവവചനത്തിൽ അധിഷ്ഠിതമാണെന്ന് മുള്ളർ വിശ്വസിച്ചു. 'ഒന്നും കാണാതിരുന്ന അവസരങ്ങളിൽ വിശ്വാസത്തിന് പ്രവർത്തിക്കാൻ അവസരമുണ്ട്' എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. വിജയത്തിന് ഏതെങ്കിലും മാനുഷിക സാധ്യതയുള്ളിടത്തോളം, വിശ്വാസത്തിന് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് താൻ വിശ്വസിച്ചു. അതിനാൽ, 'ദൈവത്തിന് ചെയ്യാൻ കഴിയുംഎന്നാൽ എനിക്ക് കഴിയില്ല'എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. ദൈവത്തിലുള്ള മറ്റുള്ളവരുടെ വിശ്വാസം ദൃഢമാകത്തക്കവിധം വിശ്വാസജീവിതം നയിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ ആഗ്രഹം. ഒരു പാവപ്പെട്ട മനുഷ്യനെന്ന നിലയിൽ ആരോടും സഹായമോ സാമ്പത്തികമോ ആവശ്യപ്പെടാതെ, പ്രാർത്ഥനയിലൂടെയും വിശ്വാസത്തിലൂടെയും, തന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ ദൈവത്തിനു കഴിയുമെങ്കിൽ, തന്റെ വിശ്വാസം ജീവനുള്ളതും കർമ്മനിരതവും ആയിരിക്കും എന്ന് താൻ വിശ്വാസിച്ചു.

നിർഭാഗ്യവശാൽ ജോർജ്ജ് മുള്ളറിൽ നിന്ന് വ്യത്യസ്തമായി പല ആധുനിക ക്രിസ്ത്യാനികളും വിശ്വസിക്കുന്നതിനെ കാണാനും അനുഭവിക്കാനും കഴിയുമോ എന്ന് ചിന്തിക്കുന്നു. സങ്കീർത്തനം 103 : 7 ൽ മോശെയെ നടക്കേണ്ടുന്ന വഴികളെ ദൈവം കാണിക്കുമ്പോൾ ഇസ്രായേൽ ജനം കഴിഞ്ഞു പോയ പ്രവർത്തികളാണ് കണ്ടത്. അതായതു ഭാവിയിൽ എന്തു സംഭവിക്കും എന്ന് മോശെ കാണുമ്പോൾ ഇന്നലെകളിൽ നടന്ന അത്ഭുതപ്രവർത്തികൾ മാത്രമാണ് ഇസ്രയേലിന്റെ കാഴ്ചയിൽ ഉള്ളത്. എങ്കിലും തങ്ങളുടെ ഓർമ്മയിലില്ലാത്തതു പോലെ അവർ പ്രതികരിച്ചു. സമാനമായ കാരണങ്ങളാലാണ് നമ്മുടെ വ്യക്തിപരമായ പ്രക്ഷുബ്ധതകൾ നിലനിൽക്കുന്നത്. ബുദ്ധിയിലൂന്നി കാഴ്ചയാൽ നാം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നിടത്തോളം കാലം നമുക്ക് ഒരിക്കലും വിശ്വാസത്താൽ ജീവിക്കാൻ കഴിയില്ലെന്ന് ദൈവത്തിനറിയാം. ബുദ്ധിയിലും കഴിവിലും ആശ്രയം വച്ചുകൊണ്ടുള്ള നമ്മുടെ വിശ്വാസത്തിൽ നിന്ന്, എത്രമാത്രം അകലം പാലിക്കുന്നുവോ അത്രയധികം ആഴത്തിൽ നാം ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസജീവിതത്തിലേക്ക് പ്രവേശിക്കുന്നുവെന്ന്വചനം വെളിപ്പെടുത്തുന്നു.


ദൈവം ജീവിതത്തിൽ 'കൂരിരുൾ താഴ്വരകൾ' അനുവദിക്കുന്നതിനുള്ള ഒരു കാരണം ഇത്തരത്തിലുള്ള വിശ്വാസം വളർത്തിയെടുക്കുന്നതിനു വേണ്ടിയാണ്. പ്രതീക്ഷിക്കുന്ന എല്ലാ വഴികളും അടയുമ്പോൾ വിശ്വാസത്താൽ ജീവിക്കാൻ നാം നിർബന്ധിതരാകും. കൂടാതെ, നമ്മുടെ വിശ്വാസം നമ്മുടെ ഇന്ദ്രിയങ്ങളെ ആശ്രയിക്കുന്നത് അവസാനിപ്പിച്ചാൽ, ദൈവത്തിലേക്ക് പ്രവേശിക്കാൻ നമുക്ക് സ്വാതന്ത്ര്യമുണ്ടാകും. കാഴ്ചയാലുള്ള ജീവിതം എത്രത്തോളം നമ്മിൽ കുറയുന്നുവോ അത്രയധികം വിശ്വാസത്താൽ ജീവിക്കുമെന്ന് ദൈവത്തിന് അറിയാം.

വിശ്വാസം ദൈവത്തെ 'കാണാൻ' നമ്മെ അനുവദിക്കുന്നു. സ്വർഗത്തെ 'സ്കാൻ' ചെയ്യുന്ന ദൂരദർശിനിയാണ് വിശ്വാസം, അതുപോലെ ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന അത്ഭുതങ്ങളെ മഹത്വപ്പെടുത്തുന്ന 'മൈക്രോസ്കോപ്പ്' ആണ് വിശ്വാസം. കൂടാതെ, ദൈവവചനങ്ങളെ വ്യാഖ്യാനിക്കാനും അർത്ഥങ്ങൾ മനസ്സിലാക്കാനും നമ്മെ അനുവദിക്കുന്ന 'ഡികോഡിങ്' അഥവാ 'കോഡ് ബ്രെക്കറാണ്' വിശ്വാസം. ദൈവത്തെ 'കാണാൻ'മാത്രമല്ല, തന്റെ സാന്നിദ്ധ്യത്തിലേക്കും സഹവാസത്തിലേക്കും നമ്മെ അടുപ്പിക്കുന്ന ഒരേയൊരു പാത വിശ്വാസമാണ്. നാം വിശ്വാസത്താൽ നടക്കുമ്പോൾ മാത്രമേ ദൈവത്തിന് നമ്മുടെ മുന്നിലുള്ള അന്ധകാരത്തെ പ്രകാശമാക്കുവാനും, അവിശ്വസനീയമായ നിലയിൽ നാമായിരിക്കുന്ന പ്രതിസന്ധിയിൽ നിന്നുള്ള നീക്കുപോക്കു കാണിക്കുവാനും അങ്ങനെ ദൈവമഹത്വം ദർശിക്കുവാനും നമുക്ക് സാധിക്കും. ദൈവവുമായുള്ള അടുപ്പം നമുക്ക് കൊണ്ടുവരുന്ന ഒരേയൊരു വഴി വിശ്വാസം മാത്രമാണ്. (എബ്രായർ 11:6). നാം ദൈവത്തെ ഉള്ളതുപോലെ ആത്മാവിൽ കാണുകയും നമ്മെത്തന്നെ യഥാർത്ഥമായി കാണുകയും ചെയ്യുമ്പോൾ മാത്രമേ നാം അവന്റെ ദൃഷ്ടിയിൽ യഥാർത്ഥ ആരാധകരായി മാറുകയുള്ളൂ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പ്രാർത്ഥനയും കണ്ണീരും ഉപവാസവും വിശ്വാസമില്ലാത്തതായിരുന്നാൽ ഒരുവനെ ദൈവം ഒരിക്കലും അനുഗ്രഹിക്കുകയില്ല.

ശേഷം പേജ് 27 ▶



അനു ഗ്രേസ് ചാക്കോ



# വാർദ്ധക്യം പ്രത്യാശാസമൃദ്ധിയോടെ

പലർക്കും അത്ര സുഖകരമല്ലാത്ത ഒരവസ്ഥയാണ് വാർദ്ധക്യം. ബാല്യവും കൗമാരവും യൗവ്വനവും വളരെ ആവേശത്തോടെ അതിലേറെ പ്രതീക്ഷയോടെ നേരിടുമ്പോൾ വാർദ്ധക്യത്തെ മാത്രം തെല്ലൊരു ആശങ്കയോടെയും മനോവേദനയോടെയുമാണ് മനുഷ്യൻ നോക്കി കാണുന്നുത്. യാതൊന്നും ചെയ്യുവാൻ ഇല്ലാതെ നിഷ്ക്രിയരായി പോകുന്ന, മറ്റുള്ളവരെ ആശ്രയിച്ച് ജീവിക്കേണ്ടിവരുന്ന ദുരിതകാലമായി പലരും ഈ സമയത്തെ നോക്കി കാണുമ്പോൾ, വാർദ്ധക്യത്തെ ജീവിതത്തിലെ ഏറ്റവും മനോഹരമായ സമയമാക്കി മാറ്റുന്നവരെയും നമുക്ക് കാണാം. ഈ ഒരു കാലഘട്ടത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയാണ് എല്ലാവർഷവും ഒക്ടോബർ 1 ലോക വയോജന ദിനമായി ഐക്യരാഷ്ട്ര സംഘടന ആചരിക്കുന്നത്.

ഏകദേശം 65 വയസ്സ് മുതലാണ് വാർദ്ധക്യം ആരംഭിക്കുന്നത്. ഈ സമയത്ത് ശാരീരിക, സാമൂഹിക, മാനസിക മാറ്റങ്ങൾ ഉൾക്കൊള്ളാൻ അല്പം പ്രയാസം ആണെങ്കിലും ഏതാനും കാര്യങ്ങൾ ശ്രദ്ധിച്ചാൽ ജീവിതത്തിലെ ഏറ്റവും അർത്ഥവത്തായ ദിവസങ്ങൾ ആക്കി വാർദ്ധക്യത്തെ മാറ്റുവാൻ സാധിക്കും. കൃത്യമായ വ്യായാമവും ആഹാര രീതികളും ആവശ്യം. വാർദ്ധക്യത്തിൽ ഉണ്ടാകാവുന്ന ഒട്ടനവധി ശാരീരിക പ്രശ്നങ്ങൾക്കും ഉത്തമ പരിഹാരമാണ് വ്യായാമവും നല്ല ആഹാര രീതികളും.

എല്ലാദിവസവും അരമണിക്കൂർ എങ്കിലും ഏറ്റവും കുറഞ്ഞത് വ്യായാമത്തിനായി മാറ്റിവയ്ക്കുക. ഓരോരുത്തരുടെയും ആരോഗ്യസ്ഥിതി അനുസരിച്ച് ചെയ്യുവാൻ പറ്റുന്ന വ്യായാമങ്ങൾ ആയിരിക്കണം ചെയ്യേണ്ടത്. ദിവസവും ബ്രീത്തിങ് എക്സർസൈസ് ചെയ്യുന്നത് നല്ലതാണ്. പഴങ്ങൾ, പച്ചക്കറികൾ, കൊഴുപ്പ് കുറഞ്ഞ ആഹാരങ്ങൾ, ഫൈബർ, കാൽസ്യം, ആന്റി ഓക്സിഡന്റുകൾ അടങ്ങിയ സമീകൃത ആഹാരങ്ങൾ മെനുവിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സമീകൃത ആഹാരം മെനുവിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുന്നതോടൊപ്പം തന്നെ വാർദ്ധക്യം ആനന്ദകരമാക്കുവാൻ ഉറക്കവും വളരെ പ്രധാനപ്പെട്ട കാര്യം ആണ്. ഒരു വ്യക്തി എത്ര സമയം ഉറങ്ങണം എന്നതിനെ കുറിച്ച് പലർക്കും പ്രത്യേകിച്ച് ധാരണകൾ ഒന്നുമില്ല. ഓരോരുത്തരുടെയും പ്രായം അനുസരിച്ച് ഉറക്കത്തിന്റെ സമയവും വ്യത്യസ്തമായിരിക്കും. അതിൽ കൂടുതലോ കുറവോ ഉറങ്ങുന്നത് ആരോഗ്യത്തെ ദോഷകരമായി ബാധിച്ചേക്കാം. 1-3 മാസം വരെ 14-17 മണിക്കൂറും 4-11 മാസം വരെ 12-15 മണിക്കൂറും 1-2 വയസ്സ് വരെ 11-14 മണിക്കൂറും 3-5 വയസ്സ് വരെ 10-13 മണിക്കൂറും 6-13 വയസ്സ് വരെ 9-11 മണിക്കൂറും 14-17 വയസ്സ് വരെ 8-10 മണിക്കൂറും 18-25 വയസ്സ് വരെ 7-9 മണിക്കൂറും 26-64 വയസ്സ് വരെ 7-9 മണിക്കൂറും 65 വയസ്സിന് മുകളിൽ 7-8 മണിക്കൂറുമെങ്കിലും ഉറങ്ങിയിരിക്കണം എന്നതാണ് പഠനങ്ങൾ

സൂചിപ്പിക്കുന്നത്.

മാറ്റങ്ങളെ സന്തോഷത്തോടെ നേരിടുവാനുള്ള മനസൊരുക്കം അനിവാര്യം. മുടി നരയ്ക്കുക തൊലി ചുക്കിച്ചുളിയുക, കാഴ്ച മങ്ങുക, കേൾവി കുറയുക തുടങ്ങിയ മാറ്റങ്ങളെ പലരും ഭയക്കുന്നു. പലരുടെയും ആത്മവിശ്വാസം അപ്പോൾ കുറയുന്നു. ഈ മാറ്റങ്ങൾ അനിവാര്യമാണെന്നും സ്വാഭാവികം ആണെന്നും ഉള്ള വസ്തുത അംഗീകരിക്കുക. ദീർഘ വർഷങ്ങൾ ജോലി ചെയ്തവർക്ക് റിട്ടയർമെന്റ് ജീവിതത്തോട് പൊരുത്തപ്പെടുവാൻ ബുദ്ധിമുട്ടായിരിക്കും. ഞാൻ നിഷ്ക്രിയനാണ്, എനിക്ക് ഒന്നും ചെയ്യാനില്ല എന്ന ചിന്തയ്ക്ക് അപ്പുറം ഈ സമയം എങ്ങനെ നന്നായി പ്രയോജനപ്പെടുത്താം എന്ന് ചിന്തിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുക. അതായത് വാർദ്ധക്യത്തിലും കർമ്മ നിരതരായിരിക്കാൻ അങ്ങേയറ്റം ശ്രദ്ധിക്കണം.

ഇഷ്ടമുള്ള കാര്യങ്ങൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കി മനസ്സിന് സന്തോഷം പകരുന്ന, ശരീരത്തിന് ഊർജ്ജം തരുന്ന കാര്യങ്ങൾ ചെയ്യുവാൻ സമയം കണ്ടെത്തണം. ചെറിയ കൃഷിപ്പണികൾ ചെയ്യുന്നതോ, വളർത്തു മൃഗങ്ങളെയോ പക്ഷികളെയോ പരിപാലിക്കുന്നതോ, ചെറിയ തൊഴിലുകളിൽ ഏർപ്പെടുന്നതോ, യാത്രകൾ ചെയ്യുന്നതോ, പാട്ടു കേൾക്കുന്നതോ അങ്ങനെ എന്തുമാകാം. എഴുതുവാൻ കഴിവുള്ളവർ എഴുതുകയും മറ്റുള്ളവർക്ക് ധൈര്യം പകരുന്ന നിലയിൽ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്നത് വളരെ ഉചിതമാണ്. ഒന്നും ചെയ്യാനില്ല എന്ന് തോന്നലാണ് പലപ്പോഴും ജീവിതത്തിൽ മുഷിപ്പ് ഉളവാക്കുന്നതും ക്രമേണ എല്ലാറ്റിനോടും വിരക്തിയുള്ളവരായി മറുവാനും ഇടയാകുന്നത്. വാർധകൃത്തിലും ഫലം കായ്ക്കണം എന്നാണല്ലോ ദൈവവചനവും.

ഇതിനൊക്കെ പുറമെ ആരോഗ്യകരമായ സാമൂഹിക ബന്ധങ്ങൾ നിലനിർത്തുന്നത് മാനസിക ആരോഗ്യത്തിനും വാർദ്ധക്യത്തെ ഒരു പരിധി വരെ അതിജീവിക്കുന്നതിനും സഹായകമാണ്. സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും ഒപ്പം ചെലവഴിക്കുവാൻ സമയം കണ്ടെത്തണം. പ്രായമാകുമ്പോൾ പലരുടെയും ലോകം മക്കളും കൊച്ചുമക്കളും മാത്രമായി ചുരുങ്ങുന്നു. അതേസമയം സമപ്രായക്കാരുമായി സമയം ചെലവഴിക്കുന്നതും അനുഭവങ്ങൾ പങ്കുവെക്കുന്നതും അറിവുകൾ പകരുന്നതും രോഗികളെ ചെന്ന് കാണുന്നതും ആശ്വസിപ്പിക്കുന്നതും മാനസിക ആരോഗ്യം വർദ്ധിപ്പിക്കുന്നതിനും ഏകാന്തതയിൽ നിന്നും ഒറ്റപ്പെടലിൽ നിന്നും സ്വതന്ത്രമാകുന്നതിനും ഇടയാക്കും. സാമൂഹിക ബന്ധങ്ങളിൽ സജീവമായിരിക്കുന്നവർ വാർദ്ധക്യത്തെ സന്തോഷകരമായി നേരിടുവാൻ പ്രാപ്തരാണെന്നു അനുഭവങ്ങളും പഠനങ്ങളും തെളിയിക്കുന്നു.

ജീവിതത്തിലെ അനുഗ്രഹങ്ങളെ മറന്നുപോകാതെ ഓർത്തിരിക്കുക. വാർദ്ധകൃത്തിൽ പലരും നഷ്ടപ്പെട്ടുപോയതിനെക്കുറിച്ചും കിട്ടാതെ പോയ സൗഭാഗ്യങ്ങളെ കുറിച്ചും എടുത്ത തെറ്റായ തീരുമാനങ്ങളെക്കുറിച്ചും മോഹഭംഗങ്ങളെ കുറിച്ചുമൊക്കെ പറഞ്ഞു വിലപിക്കുന്നത് കണ്ടിട്ടുണ്ട്. എന്നാൽ ആ സമയം ജീവിതത്തിൽ ദൈവം നൽകിയ അനുഗ്രഹങ്ങളെ കുറിച്ച് ദൈവത്തോട് നന്ദിയുള്ളവരായിരിക്കുക. മറ്റുള്ളവരോട് സംസാരിക്കുമ്പോൾ ആ കാര്യങ്ങളെക്കുറിച്ച് അവരുമായി പങ്കിടുക. 'എൻ മനമേ യഹോവയെ വാഴ്ത്തുക, അവിടുത്തെ ഉപകാരങ്ങൾ ഒന്നും മറക്കുകയും അരുത്'എന്നാണ് സങ്കീർത്തനക്കാരൻ ഓർമ്മിപ്പിക്കുന്നത്. അത് മനസ്സിന് സന്തോഷവും ശരീരത്തിന് ഊർജ്ജവും നൽകും. എല്ലാറ്റിനും ഒടുവിൽ ദൈവത്തോട് സംസാരിക്കുവാൻ അഥവാ പ്രാർത്ഥിക്കുവാൻ കൂടുതൽ സമയം കണ്ടെത്തുക. ലൂക്കോസിന്റെ സുവിശേഷത്തിൽ ആലയം വിട്ടു പിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും ആയിരുന്ന ഹന്ന എന്ന ഭക്തയായ പ്രവാചകിയെ നമുക്ക് കാണാം. കാത്തിരിക്കുവാൻ എന്തെങ്കിലും ദൈവിക വാഗ്ദത്തങ്ങൾ ഉള്ളവർക്ക് മാത്രമേ ജീവിതത്തിൽ പ്രത്യാശ ഉണ്ടാവുകയുള്ളൂ. 'യഹോവയുടെ ആലയത്തിൽ നടുതല ആയവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴയ്ക്കും. വാർധകൃത്തിലും അവർ ഫലം കായ്ച്ചു കൊണ്ടിരിക്കും...' എന്നും, 'നരയ്ക്കുവോളം ഞാൻ നിന്നെ ചുമക്കാം' എന്നും പറഞ്ഞ കർത്താവിന്റെ സന്നിധിയിൽ പ്രാർത്ഥനയോടും പ്രത്യാശയോടും ദൈവത്തിലാശ്രയിച്ചും ജീവിതത്തെ വിശുദ്ധീകരിച്ചും കാത്തിരിക്കുക. തിമോഥെയോസിന്റെ വലിയമ്മയായ ലോവിസിനെപ്പോലെ മക്കളിലേക്കും ചെറുമക്കളിലേക്കും വിശ്വാസത്തിന്റെ തിരിനാളം കൈമാറുക. പ്രാർത്ഥനയ്ക്കും ദൈവവചന ധ്യാനത്തിനും പരമാവധി സമയം കണ്ടെത്തുക. എല്ലാവരുടെയും വാർദ്ധക്യം മധുരവും പ്രതീക്ഷയും സമൃദ്ധമായ പ്രത്യാശയും ഉള്ളതായിത്തീരട്ടെ ●



ടി. പി. ജോസ്

# ലോകം നീങ്ങുന്നത് എവിടേക്കാണ്...?

'**ക്രി**സ്തുവും ഒരുപ്രാവശ്യം അനേകരുടെ പാപനിവാരണത്തിനായി, യാഗമായി അർപ്പിക്കപ്പെട്ടു'. അതായത് മാനവകുലത്തെ പാപത്തിൽ നിന്ന് രക്ഷിക്കുക എന്ന പരമപ്രധാനമായ ലക്ഷ്യത്തിനാണ് യേശു മനുഷ്യജന്മമെടുത്തു ഭൂമിയിലേക്ക് ആദ്യം വന്നത്. 'ഇനി രണ്ടാമത് അവിടുന്ന് പ്രത്യക്ഷനാകുന്നത് പാപനിവാരണം വരുത്താനല്ല, മറിച്ച്, തനിക്കായി ആകാംക്ഷയോടെ കാത്തിരിക്കുന്നവരെ തന്നോടൊപ്പം ചേർക്കുവാനാണ്' (എബ്രായർ 9:28)

ഏകദേശം 2000 കൊല്ലങ്ങളായി ലോകം മുഴുവൻ ഉറ്റുനോക്കുന്നതാണ് യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്. അതിന്റെ മുന്നറിയിപ്പുകൾ നാം അവഗണിക്കരുത്. യേശുക്രിസ്തു ഒലിവ് മലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ച് അവന്റെ അടുക്കൽ വന്നു 'നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നും, അത് എപ്പോൾസംഭവിക്കുംഎന്ന് പറഞ്ഞുതരണമെന്നും അപേക്ഷിച്ചു' (മത്തായി24:3). മത്തായി സുവിശേഷം 24 ലും ലൂക്കോസ് 21 ലും തന്റെ പുനരാഗമനത്തിന്റെ സമയവും നാഴികയും പിതാവായ ദൈവത്തിനു മാത്രമേ അറിയുകയുള്ളൂ എന്ന് യേശുക്രിസ്തു വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല തന്റെ വരവ് നിനച്ചിരിക്കാത്ത നാഴികയിൽ കള്ളനെപ്പോലെ ആയിരിക്കുമെന്നും യേശുക്രിസ്തു പറയുന്നു. അതായത് കള്ളൻ വിലപ്പിടിപ്പുള്ളതിനെ കൊള്ളയടിക്കുവാൻ ആരും അറിയാതെ വരുന്നതുപോലെ വിലയേറിയ സഭയെ ചേർക്കുവാൻ താൻ വരുമെന്നാണ് യേശുക്രിസ്തു ഇവിടെ ഉദ്ദേശിക്കുന്നത്. അത് ഏതുസമയത്ത് സംഭവിച്ചാലും എടുക്കപ്പെടുവാൻ നാം തയ്യാറായിരിക്കണം.

കർത്താവിന്റെ മടങ്ങിവരവിന് സമയമായോ എന്നറിഞ്ഞിട്ട് നാം ഒരുങ്ങുക അസാധ്യമാണ്. നാം തന്റെ കാന്തയായി മണവാളനെ എതിരേൽപ്പാൻ ഒരുങ്ങിയിരിക്കുന്നുവെങ്കിൽ പിന്നെ അടയാളങ്ങൾ നമുക്ക് ഒരു വിഷയമല്ല. എന്നാൽ തിരുവചനത്തിലെ മുന്നറിയിപ്പുകൾ നമുക്ക് ചുറ്റും സംഭവിക്കുന്നത് കാണുമ്പോഴെങ്കിലും നാം ഒരുങ്ങേണ്ടത് അല്ലേ? സൊദോം, ഗൊമോറ പട്ടണങ്ങളിലെ പാപം വർദ്ധിച്ചപ്പോൾ ദൈവം പട്ടണങ്ങളെ നശിപ്പിക്കുവാൻ തീരുമാനിച്ചു. അപ്പോൾ ലോത്തിനോടും കുടുംബത്തോടും അവർ താമസിക്കുന്ന പട്ടണത്തിൽ നിന്ന് ഓടിപ്പോകുവാൻ ദൈവദൂതന്മാർ മുഖാന്തരം ദൈവം ആവശ്യപ്പെട്ടു. മുന്നറിയിപ്പുകളെ അവഗണിച്ച ലോത്തിനെയും കുടുംബത്തെയും ദൂതന്മാർ ബലമായി കൈപിടിച്ച് പട്ടണത്തിൽ നിന്ന് പുറത്തേക്ക് കൊണ്ടുപോയി രക്ഷിക്കേണ്ടി വന്നു. ദൂതന്മാർ കർശന നിർദേശം നൽകിയിട്ടും ലോത്തിന്റെ ഭാര്യ അവന്റെ പിന്നിൽ നിന്ന് തിരിഞ്ഞുനോക്കി. അവൾ ഉപ്പുതൂണായിത്തീർന്നു (ഉല്പത്തി 19:26). തന്റെ മടങ്ങിവരവിനെ സംബന്ധിച്ച് യേശുക്രിസ്തു പറഞ്ഞ അടയാളങ്ങളുടെ നിവൃത്തി അന്നുമുതൽ എല്ലാ കാലഘട്ടങ്ങളിലും കാണുന്നുണ്ട്.

**പ്രകൃതിക്ഷോഭങ്ങൾ:**

കടൽ പ്രക്ഷുബ്ധം ആകുന്നതും ധാരാളം മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെടുന്നതും ഇന്ന് നിത്യസംഭവമാണ്. ഇതുപോലെ ലോകത്തിന്റെ പല സ്ഥലങ്ങളിലും സംഭവിക്കുന്നു. 'കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്ക് നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും' (ലൂക്കോസ് 21: 25).

**യെരുശലേം:**

മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും യഹൂദന്മാരുടെയും പുണ്യനഗരമായ യെരുശലേമിനെ ഇസ്രായേലിന്റെ തലസ്ഥാനമായി അമേരിക്കൻ പ്രസിഡന്റ് ട്രംപ് പ്രഖ്യാപിച്ചത് ഓർമ്മയിലുണ്ടല്ലോ. 'അന്നാളിൽ ഞാൻ യെരുശലേമിനെ സകല ജാതികൾക്കും ഭാരമുള്ള കല്ലായി വെക്കും. അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേൽക്കും. ഭൂമിയിലെ സകല ജാതികളും അതിന് വിരോധമായി കൂടി വരും' (സഖര്യാവ് 12 :3).

**വൻശക്തികളുടെ ഏകീകരണം:**

2017 ഡിസംബർ 20 ന് മതപരമായും ആശയപരമായും യോജിക്കാത്ത സൗദി അറേബ്യയുടെ സൽമാൻ രാജാവ് ആദ്യമായി റഷ്യ സന്ദർശിച്ചു. യഹസ്കേൽ 39 ാം അധ്യായത്തിൽ പറയുന്ന പ്രവചനം നിവർത്തിക്കപ്പെടുന്നതിന്റെ നാന്ദിയാണിത്. യു എൻ സേനയിലേക്ക് ഇനി മുതൽ സൈന്യത്തെ അയക്കുകയില്ലെന്ന് റഷ്യൻ പ്രസിഡണ്ട് പുട്ടിൻ പ്രഖ്യാപിച്ചു. മാത്രമല്ല റഷ്യ യുദ്ധത്തിനായി നാലുകോടി അംഗങ്ങളുള്ള സൈന്യത്തെ ഒരുക്കുന്ന തിരക്കിലാണ് എന്നും അറിയുന്നു. ഇസ്രായേലിനെതിരെ സഖ്യരാജ്യങ്ങളെ കൂട്ടുന്നതും യുദ്ധത്തിനായി റഷ്യ സൈന്യത്തെ ഒരുക്കിക്കൊണ്ടിരിക്കുന്നതും പ്രവചനത്തിന്റെ നിവർത്തിയാണ്.

1991 ൽ സോവിയറ്റു യൂണിയൻ പിരിഞ്ഞ് അതിലെ അംഗരാജ്യങ്ങൾ സ്വതന്ത്ര രാജ്യങ്ങൾ ആയി. അങ്ങനെ റഷ്യ എന്ന രാജ്യം ഭൂപടത്തിൽ വീണ്ടും പ്രത്യക്ഷപ്പെട്ടു. റഷ്യയുടെ നേതൃത്വത്തിൽ മുസ്ലിം രാജ്യങ്ങൾ അണിനിരന്നു ഇസ്രായേലിനെതിരെ യുദ്ധം ചെയ്യണം എന്ന് വ്യാഖ്യാനിക്കാവുന്ന യഹസ്കേൽ 39 ാം അധ്യായത്തിലെ പ്രവചനം ഇതിനോട് ചേർത്ത് ചിന്തിക്കാവുന്നതാണ്. യൂറോപ്യൻ യൂണിയൻ, പൊതു കറൻസി, മതങ്ങൾ തമ്മിൽ രൂപപ്പെടുന്ന ഐക്യസാധ്യതകൾ ഇവയൊക്കെ ഇതുമായി ബന്ധപ്പെട്ടു വിശദമായ വിലയിരുത്തേണ്ട കാര്യങ്ങളാണ്.

**സംസാരിക്കുന്ന പ്രതിമ:**

ഒടുവിൽ ഭൂവാസികൾ ഒരു പ്രതിമ ഉണ്ടാക്കുകയും അതിന് ആത്മാവിനെ കൊടുക്കുകയും ആ പ്രതിമയെ നമസ്കരിക്കാത്തവരെ കൊല്ലിക്കേണ്ടതിന് അധികാരം ലഭിക്കുകയും ചെയ്യും എന്ന് പറയുന്നത് സംഭവിക്കുവാൻ ഇനി കാലതാമസം ആവശ്യമാണോ? അതിന്റെ തുടക്കം എന്നവണ്ണം മനുഷ്യനെപ്പോലെ വികാരവിചാരങ്ങൾ പ്രകടിപ്പിക്കുന്ന 'സോഫിയ' എന്ന സ്ത്രീരൂപമായ റോബോട്ട് 2018 ഡിസംബർ 30 ന് സൗദി അറേബ്യയിൽ നിന്ന് ബോംബെയിൽ വന്നിറങ്ങുകയുണ്ടായി. മനുഷ്യരെപ്പോലെ ഉള്ള അതിന്റെ പ്രകടനങ്ങൾ കണ്ട് എല്ലാവരും ആശ്ചര്യപ്പെട്ടു. അധികം മേത്തരമായവ ഇനിയും പുറത്തുവരും. വെളിപ്പാട് പുസ്തകത്തിൽ യോഹന്നാൻ എഴുതിയത് പോലെ എല്ലാ മനുഷ്യരും 666 എന്ന മുദ്ര ഏറ്റ് എതിർക്രിസ്തുവിനാൽ നിയന്ത്രിക്കപ്പെടും. വിസ്താരഭയത്താൽ അതിലേക്ക് കടക്കുന്നില്ല. ബാർകോഡും, ചിപ്പ് പതിപ്പിച്ച കാർഡുകളും ഒക്കെ നാമും ഉപയോഗിച്ച് തുടങ്ങിയല്ലോ. സാങ്കേതികവിദ്യകളുടെ മികവിൽ ലോകം നീങ്ങുന്നത് എവിടേക്കാണ്?

**വലിയ ഭൂകമ്പവും ക്ഷാമവും** അവിടവിടെ ഉണ്ടാകും. ഭയങ്കര കാഴ്ചകളും ആകാശത്തിൽ മഹാലക്ഷ്യങ്ങളും ഉണ്ടാകും. സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങളുണ്ടാകും. കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്ക് നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും (ലൂക്കോസ് 21:11,15).

ലോകത്തിനു വലിയ വിപത്ത് വരുന്നു എന്ന മുന്നറിയിപ്പ് ദൈവമക്കളെ സംബന്ധിച്ച് വീണ്ടെടുപ്പ് അടുത്തു എന്ന മുന്നറിയിപ്പാണ്. അത് ഭയമല്ല, പ്രത്യാശയാണ് നമ്മിൽ വർദ്ധിപ്പിക്കേണ്ടത്. ഒരുങ്ങിയിരിക്കുന്നവർക്ക് ഭയമല്ല, തിടുക്കമാണ് ഉള്ളിൽ. നമ്മുടെ അവസ്ഥ എങ്ങനെയെന്നു പരിശോധിക്കണം. യുദ്ധങ്ങൾ, ക്ഷാമങ്ങൾ, താപനിലയിൽ ഉള്ള വ്യത്യാസം, ജലപ്രളയം, കൊടുങ്കാറ്റ്, ഉരുൾപൊട്ടൽ എന്നിങ്ങനെ പ്രകൃതിയിലെ വിവിധ അടയാളങ്ങൾ. എല്ലാം ഒന്നുമാത്രം വിളിച്ചറിയിക്കുന്നു. യേശുവേഗം വരുന്നു... തന്റെ വരവിനു വേണ്ടി വിശുദ്ധിയോടെ നമുക്ക് കാത്തിരിക്കാം. ഇവയെ ഭയന്നിട്ടല്ല, കർത്താവിനെ സ്നേഹിച്ചു കൊണ്ട്... •



ബിജു ജോസ്ഫ്

# ചിത്രശലഭ സമാനമായ രൂപാന്തരം...

നമ്മുടെ ഇഷ്ടങ്ങൾ കൂട്ടിയും കുറച്ചും, ഹരിച്ചും ഗുണിച്ചുമെടുക്കുന്നതിന്റെ ആകെത്തുകയാണ് മാനുഷിക കാഴ്ചപ്പാടിലുള്ള ഈ ലോകജീവിതം. പക്ഷെ, നിത്യത കേന്ദ്രബിന്ദുവാക്കി ചിന്തിക്കുമ്പോൾ, അതായത് ദൈവിക കാഴ്ചപ്പാടിൽ നാം ഓരോരുത്തരുടെയും ജീവിതം പാപത്തോടു പോരാടുന്നതിൽ പ്രാണത്യാഗത്തോളം എതിർത്തുനിന്നു കൊണ്ട് പാപത്തിന്റെ പ്രലോഭനങ്ങളെ **നിർമ്മൂലമാക്കുകയും,** ആത്മഫലങ്ങൾ ഒന്നോടൊന്നു **കൂട്ടുകയും** ആണ് ചെയ്യേണ്ടത്. 'വിശ്വാസത്തോടു ധർമ്മനിഷ്ഠയും ധർമ്മനിഷ്ഠയോടു വിവേകവും വിവേകത്തോട് ആത്മസംയമവും ആത്മസംയമത്തോടു സഹിഷ്ണുതയും സഹിഷ്ണുതയോടു ഭക്തിയും ഭക്തിയോടു സാഹോദര്യവും സാഹോദര്യത്തോടു സ്നേഹവും കൂട്ടിച്ചേർക്കാൻ, ഉത്സാഹത്തോടെ സകലപ്രയത്നവും ചെയ്യുക. ഈ സദ്ഗുണങ്ങൾ നിങ്ങളിൽ വർധമാനമായിരുന്നാൽ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ നിങ്ങൾ പ്രയോജനരഹിതരും നിഷ്ഫലരും ആകാതെ ഇവ നിങ്ങളെ സംരക്ഷിക്കും. ഇവയില്ലാത്തവർ അന്ധരും തങ്ങൾ മുമ്പ് ചെയ്തുകൂട്ടിയ പാപങ്ങളിൽനിന്ന് ശുദ്ധീകരണം ലഭിച്ചു എന്ന വസ്തുത മറന്നിരിക്കുന്ന ഹ്രസ്വദൃഷ്ടികളുമാണ്'.

കൃപയാൽ വീണുലഭിക്കുന്ന നിമിഷങ്ങൾ പൂർണതയുള്ള ദൈവേഷ്ടം നിവർത്തിക്കുവാൻ വേണ്ടി നമ്മിൽ ഭരമേല്പിച്ചിരിക്കുന്ന ദൗത്യനിർവ്വഹണം ആയിരിക്കണം ഐഹികജീവിതത്തിൽ, നമ്മുടെ ലക്ഷ്യം. എങ്ങനെയെങ്കിലും ജീവിച്ചു എങ്ങനെയെങ്കിലും അവസാനിപ്പിക്കുവാനല്ല ഒരായുഷ്ക്കാലം ദൈവം നമുക്ക് നൽകിയിരിക്കുന്നത്. ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്നും, ഈ ലോകത്തോട് അനുരൂപരാകരുത് എന്നും തിരുവെഴുത്തു ശക്തമായ മുന്നറിയിപ്പ് നമുക്ക് നൽകുന്നുണ്ട്. ഈ ലോകത്തിന്റെ വശീകരണ പ്രലോഭന സംവിധാനങ്ങളിൽ മനുഷ്യരെ ലോകസ്നേഹികളാക്കി മാറ്റുവാൻ തക്ക കെണികളും കുടുക്കുകളും ശത്രുവായ പിശാച് നമ്മുടെ മുമ്പിൽ തന്ത്രപൂർവം ഒളിപ്പിച്ചു വച്ചിട്ടുണ്ട്. തിരുവചനവെളിച്ചത്തിൽ കണ്ടെത്തി അവയെ ഒഴിഞ്ഞു ജയാളികളായി ജീവിക്കുന്നതിലൂടെ മാത്രമേ ക്രിസ്തുവിനോട് അനുരൂപരാകുവാൻ നമുക്ക് കഴിയുകയുള്ളു. നിത്യതയെ ഫോക്കസ് ചെയ്തു കൊണ്ട്, സർവ്വശക്തനായ ദൈവത്തിന്റെ ഹിതത്തിനായി സമ്പൂർണ്ണമായി സമർപ്പിക്കുക. 'എന്റെ ഇഷ്ടമല്ല അവിടുത്തെ ഇഷ്ടമാകട്ടെ' എന്ന സമർപ്പണത്തിലൂടെ ക്രിസ്തുവിനോട് അനുരൂപരായി രൂപാന്തരപ്പെടുക എന്നതായിരിക്കണം നമ്മുടെ ഇഹലോക ജീവിതലക്ഷ്യം. ഇവിടെ ദൃശ്യമായതൊക്കെയും താത്കാലികവും, അദൃശ്യമായതൊക്കെയും നിത്യവും ആകുന്നു എന്ന ബോധ്യം നമ്മെ ഭരിക്കണം.

നമ്മുടെ ഇഷ്ടങ്ങൾ പരിഗണിക്കാത്ത ഒരു ദൈവമാണ് പിതാവെന്നു ചിലപ്പോഴെങ്കിലും നമുക്ക് തോന്നിയേക്കാം. പക്ഷെ, നിത്യതയിൽ ദൈവാനുരൂപരായി തന്നോടൊപ്പം നാം ആയിരിക്കണമെന്നാണ് നമ്മെക്കുറിച്ചുള്ള ദൈവപിതാവിന്റെ ആഗ്രഹവും പദ്ധതിയും. ഇക്കാരണത്താൽ ത്തന്നെയാണ് ദൈവം നമ്മുടെ പല ഇഷ്ടങ്ങൾക്കും സമരസപ്പെടാത്തത്. കൊച്ചുകുഞ്ഞുങ്ങളുടെ അപക്വമായ ശാഠ്യത്തിന് വഴങ്ങി, അവരിപ്പോൾ

തറയിൽ കിടന്നുരുണ്ടു നിലവിളിച്ചാൽ പോലും, ആവശ്യപ്പെടുന്ന മൂർച്ചയുള്ള കത്തി രക്ഷിതാക്കൾ വെച്ചുനീട്ടുമോ? ദോഷൈക കാര്യങ്ങൾ നിരൂപിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്നവരായിട്ടും, നമ്മൾ മാതാപിതാക്കൾ അങ്ങനെ ചെയ്യുന്നത് കുഞ്ഞിന്റെ സുരക്ഷിതത്വത്തെ കരുതിയാണല്ലോ. ഇതുതന്നെയാണ് നമുക്ക് ദോഷമായി ഭവിച്ചേക്കാവുന്ന നമ്മുടെ ഇഷ്ടങ്ങൾ ദൈവം നിരസിക്കുന്നതിന്റെ കാരണവും. നമുക്ക് എന്തെങ്കിലും ദോഷം ഭവിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നതേയില്ല.

യേശുകർത്താവിനോടു അനുരൂപമാകുന്ന പൂർണതയുള്ള ഒരു ജീവിതം, അതാണ് നമ്മിൽ നിന്നും പിതാവാം ദൈവം ആഗ്രഹിക്കുന്നത്. തന്റെ ഇഷ്ടം സകലതും നിവർത്തിയാക്കി ഈ ലോകത്തിനു അനുരൂപമാകാതെ ദൈവത്തെ പ്രസാദിപ്പിച്ചു ജീവിച്ചു കർത്താവായ യേശുക്രിസ്തു. അവിടുന്നാണ് നമ്മുടെ മുമ്പാകെ ഉത്തമ മാതൃകയായി നിലകൊള്ളുന്നത്. പിതാവിന്റെ വലതുഭാഗെ എപ്രകാരം മഹത്വവും തേജസ്സും അണിഞ്ഞവനായി ക്രിസ്തു കാണപ്പെടുന്നുവോ അതേ അവസ്ഥയിൽ നാമും തന്നോടൊപ്പം ആയിരിക്കണം എന്നതാണ് നമ്മെക്കുറിച്ചുള്ള തന്റെ തിരുഹിതം.

ഇതെങ്ങനെ സാധ്യമാകും? ദൈവകൃപയാൽ അനുദിനം, അനുനിമിഷം നമ്മിലെ ആത്മമനുഷ്യനെ പുതുക്കത്തിന്റെ അനുഭവത്തിൽ വളരുവാൻ മനസ്സു പുതുക്കി രൂപാന്തരപ്പെടണം. നമ്മുടെ ആത്മാവും പ്രാണനും ദേഹവും അശേഷം അനിന്ദ്യമായി ക്രിസ്തുവിന്റെ നാളിൽ വെളിപ്പെടേണ്ടതിനു സമ്പൂർണമായി സമർപ്പിച്ചു ദൈവത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. അനുദിനം ശരീരം കഴുകി ശുദ്ധീകരിക്കുന്നതുപോലെ നമ്മുടെ അകത്തെ മനുഷ്യനെയും ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും യേശുവിന്റെ പുണ്യാഹരക്തത്താലും കഴുകി വിശുദ്ധീകരിക്കേണ്ടതാണ്. നിരന്തരം ഈ പ്രക്രിയ നമ്മിൽ തുടർന്നാൽ മാത്രമേ ശരീരം തേജസ്ക്കരിക്കപ്പെട്ടു കർത്താവിന്റെ വരവിൽ എടുക്കപ്പെടുകയുള്ളു. അങ്ങനെ ജഡത്തിലെയും ആത്മാവിലേയും സകല കന്മഷവും നീക്കി പുതുക്കത്തിന്റെ ആത്മീയ അനുഭവത്തിലേയ്ക്ക് വളരുവാനിടയാകും. ഈ പ്രക്രിയയിൽ നന്മയുടെ പൂർണതയുള്ള പ്രവർത്തികൾ നമ്മിലൂടെ വെളിപ്പെടണം. മായമില്ലാത്ത വചനം ധ്യാനിക്കു

**ഇതുതന്നെയാണ് നമുക്ക് ദോഷമായി ഭവിച്ചേക്കാവുന്ന നമ്മുടെ ഇഷ്ടങ്ങൾ ദൈവം നിരസിക്കുന്നതിന്റെ കാരണവും.**

ന്നതിലൂടെ അനുദിനം, അനുനിമിഷം നമ്മെ വിശുദ്ധീകരിക്കുക. കാരണം 'വചനം' സാക്ഷാൽ ജഡമായി, കൃപയും സത്യവുമുള്ളവനായി, നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായി വെളിപ്പെട്ട, കാൽവറിയിൽ നമുക്കായി തകർക്കപ്പെട്ട, അറുക്കപ്പെട്ട പെസഹാക്കുഞ്ഞാടു തന്നെയല്ലയോ?

നമുക്കുവേണ്ടി ഗുണകരമായി സംസാരിക്കുന്ന കുഞ്ഞാടിന്റെ പുണ്യാഹരക്തത്തിൽ നമ്മെത്തന്നെ ശുദ്ധീകരിച്ചു, ക്രിസ്തു ചെയ്തതുപോലെ ദൈവേഷ്ടംചെയ്യുക, എന്ന നമ്മെ ഓരോരുത്തരെയും കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി പൂർത്തിയാക്കുക. അതിനായിട്ടല്ലോ ക്രിസ്തു പിതാവിന്റെ വലഭാഗത്തിരുന്നു കൊണ്ട് ഇപ്പോഴും നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നത്. ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആണെന്ന തിരിച്ചറിവ് പരമപ്രധാനമാണ്. ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ പാപമനുഷ്യന്റെ ചിന്തകളെയും പ്രവൃത്തികളെയും ഉരിഞ്ഞു കളഞ്ഞു ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയമനുഷ്യനെ ധരിച്ചു കൊണ്ടാവണം ആത്മികതയിൽ മുന്നേറേണ്ടത്. അങ്ങനെ ദൈവേഷ്ടത്തിലേക്കു വഴി തിരിക്കുവാൻ സഹായിക്കുന്ന ആത്മീക രൂപാന്തരത്തിന്റെ അഥവാ സമൃദ്ധമായ ജീവന്റെ ചിത്രശലഭ സമാനമായ വർണ്ണ ചിറകുകൾ നമ്മിൽ മുളയ്ക്കുന്നു.

ലോകസ്നേഹം ദൈവത്തോടുള്ള ശത്രുത്വം എങ്കിൽ ദൈവസ്നേഹം ലോകത്തോടുള്ള ശത്രുത്വമാകുമല്ലോ? അങ്ങനെയെങ്കിൽ ലോകത്തെ നമുക്ക് വെറുക്കാം. പിശാച് തെറ്റിദ്ധരിപ്പിച്ചും വഞ്ചിച്ചും അന്ധകാരരാജ്യത്തിലാക്കി വച്ചിരിക്കുന്നവരെ അവന്റെ കയ്യിൽ നിന്ന് മോചിപ്പിച്ചു ദൈവവും പിതാവുമായവന്റെ നിത്യ സ്നേഹരാജ്യത്തിലേക്കു കൊണ്ടുവരാം. അവരും പിതാവാം ദൈവത്തിന്റെ സ്വരൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട നമ്മുടെ സഹോദരങ്ങളല്ലോ. അവരെക്കുറിച്ചും ദൈവത്തിനു പദ്ധതികളും ഇഷ്ടങ്ങളുമുണ്ട്. ആയതിനായി ദൈവേഷ്ടപ്രകാരം പ്രതിയോഗിയോട് പൊരുതാം. ദൈവം നമ്മെ ഓരോരുത്തരെയും അതിനു സഹായിക്കുമാറാകട്ടെ.

●



സുജ വിനു



# സീയോൻ പുത്രീ, പാടി ആഹ്ലാദിക്കൂ...

**ദൈ**വജനം ഒന്നുചേർന്നു തങ്ങളുടെ ദൈവത്തെ പാടി സ്തുതിക്കുന്നതിന് അനേക ദൃഷ്ടാന്തങ്ങൾ ദൈവവചനത്തിലുണ്ട്. യുദ്ധങ്ങൾ ജയിക്കുമ്പോഴോ അനർത്ഥങ്ങളിൽ നിന്ന് വിടുവിക്കപ്പെടുമ്പോഴോ, യിസ്രയേല്യർ ഘോഷത്തോടെ യഹോവയെ സ്തുതിക്കുന്നു. തപ്പുകളോടും നൃത്തത്തോടും കൂടെ സ്ത്രീകളും അതിൽ പങ്കുചേർന്നിരുന്നതായി കാണാം.

എന്നാൽ, ദൈവത്തെ വ്യക്തിപരമായി സ്തുതിക്കുന്ന ഗീതകങ്ങളുടെ രചയിതാക്കൾ കൂടുതലും പുരുഷന്മാരായിരുന്നു. ഈ പശ്ചാത്തലത്തിൽ, തങ്ങളുടെ ദൈവത്തിൻെറ ഉന്നതസ്വഭാവത്തെ വാഴ്ത്തിപ്പാടുന്ന രണ്ടു വനിതകൾ; പഴയനിയമത്തിൽ ഹന്നയും പുതിയനിയമത്തിൽ മറിയയും, സവിശേഷ ശ്രദ്ധയർഹിക്കുന്നു. അവരുടെ കീർത്തനങ്ങളുടെ സാരാംശവും സാമ്യവും അതിൻെറ സന്ദേശവും എന്താണെന്ന് ചിന്തിക്കാം.

ആഴമേറിയ ഹൃദയവേദനയോടെ ഹന്ന ദൈവത്തോട് വിലപിക്കുന്നതെന്തെന്ന് ആർക്കും കേൾക്കാൻ കഴിഞ്ഞില്ല. അവളുടെ ചുണ്ടുകളുടെ ചലനം മാത്രമാണ്, മറ്റൊരാൾക്ക് കാണാൻ കഴിഞ്ഞിരുന്നത്. പക്ഷേ തന്റെ സങ്കടങ്ങൾക്ക് വിടുതൽ ലഭിച്ചവളായി ദൈവസന്നിധിയിൽ നിൽക്കുമ്പോൾ അവളുടെ നന്ദിപ്രകാശനം, നിശബ്ദമായല്ല, ഉച്ചത്തിലുള്ള ദൈവസ്തുതിയായയാണ് പുറത്തുവരുന്നത്. കണ്ണീരോടെ അവൾ വിതച്ചത് ആർപ്പോടെ ഘോഷിച്ച് കൊയ്യാൻ ദൈവം അവളെ അനുവദിക്കുന്നു.

ശമുവേൽ എന്ന തന്റെ പുത്രനെ ദൈവസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് അവൾ പാടുന്ന വരികൾക്ക്, ഇതേ ശമുവേൽ അഭിഷേകം ചെയ്യുന്ന ദാവീദ്‌രാജാവിൻെറ സങ്കീർത്തനങ്ങളിലെ വരികളുമായുള്ള സാദൃശ്യം ആശ്ചര്യകരമാണ്. അടർത്തിയെടുത്ത് വായിച്ചാൽ, ദാവീദിന്റെ ഒരു സങ്കീർത്തനം എന്നുതന്നെ തോന്നിയേക്കാം. പ്രവാചക ഗ്രന്ഥങ്ങളിലൂടെയുള്ള ദൈവീക വെളിപ്പാടുകൾ ഹന്നയുടെ കാലത്ത് ക്രോഡീകരിക്കപ്പെട്ടിരുന്നുവോ, അത് അവൾക്ക് ലഭ്യമായിരുന്നുവോ

**ആഴമേറിയ ഹൃദയവേദനയോടെ ഹന്ന ദൈവത്തോട് വിലപിക്കുന്നതെന്തെന്ന് ആർക്കും കേൾക്കാൻ കഴിഞ്ഞില്ല. അവളുടെ ചുണ്ടുകളുടെ ചലനം മാത്രമാണ്, മറ്റൊരാൾക്ക് കാണാൻ കഴിഞ്ഞിരുന്നത്. പക്ഷേ തന്റെ സങ്കടങ്ങൾക്ക് വിടുതൽ ലഭിച്ചവളായി ദൈവസന്നിധിയിൽ നിൽക്കുമ്പോൾ അവളുടെ നന്ദിപ്രകാശനം, നിശബ്ദമായല്ല, ഉച്ചത്തിലുള്ള ദൈവസ്തുതിയായയണ് പുറത്തുവരുന്നത്.**

**തന്നെ ധ്യാനിക്കുന്നവർക്കും തേടുന്നവർക്കും നിശ്ചയമായും തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്ന ദൈവം ഇന്നും ജീവിക്കുന്നു. ജ്ഞാനത്തിനപ്പുറം, ലോകഗരിമകൾക്കപ്പുറം അതായതു ലൗകികപ്രതാപങ്ങൾക്കുമപ്പുറം താഴ്മയുള്ള ഹൃദയങ്ങൾക്ക് സ്വയം വെളിപ്പെടുത്തുന്ന ദൈവം... ഫാനിക്രിസ്ബിയെപ്പോലെ, ലോകപരമായ അന്ധതയിലും അകക്കണ്ണുകൾ പ്രകാശിക്കപ്പെട്ട്, ദൈവത്തെ പാടി സ്തുതിക്കുന്ന സഹോദരിമാർ, ആധുനിക ലോകത്തുമുണ്ട്.**


എന്നൊന്നും അറിഞ്ഞുകൂടാ, പക്ഷേ അവളുടെ ദൈവീക ജ്ഞാനം ദാവീദിനെ പോലെ തന്നെ, തന്റെ ദൈവത്തെ ഉറപ്പുള്ള പാറയായി അറിയുന്ന ഒന്നാണ്. 'ദൈവത്തിൽ ആനന്ദിക്കുന്ന ഹൃദയം, ശത്രുക്കളുടെ വായടപ്പിക്കുന്ന യഹോവ, ഡംഭികളെ താഴ്ത്തുന്നവൻ, താഴ്മയുള്ളവരെ ഉയർത്തുന്നവൻ, കൊല്ലുകയും ജീവിപ്പിക്കുകയും ചെയ്യുന്ന സർവ്വശക്തൻ, ഭൂമണ്ഡലങ്ങളുടെയും ഭൂധരങ്ങളുടെയും ഉടമയായ സ്രഷ്ടാവ്, തന്റെ ജനത്തിന്റെ കാലുകളെ കാക്കുന്ന പരിപാലകൻ തുടങ്ങി ദൈവത്തിൻെറ സ്വഭാവഗുണങ്ങളെ ഹന്ന വർണ്ണിക്കുന്നതും, ദാവീദിന്റെ സങ്കീർത്തനങ്ങളിലെ ദൈവ സ്വഭാവ വർണ്ണനയും ഒന്നുതന്നെ, അവൾ ദാവീദിനു മുന്നേ ഇതറിയുന്നു, പാടുന്നു..

ദൈവം തനിക്കു തന്ന ആദ്യജാതനെ, പിന്നീട് തനിക്ക് മക്കൾ പിറക്കുന്നുവോ എന്നറിയും മുമ്പേ ദൈവത്തിനു തിരികെ സമർപ്പിക്കുന്ന ഭക്തയായ ഹന്നയുടെ സ്തുതിഗീതത്തോട്, സാദൃശ്യമുണ്ട്. ദൈവത്തിൻെറ ഏകജാതനെ ഉദരത്തിൽ പേറാൻ ഭാഗ്യം ലഭിച്ച മറിയയുടെ കീർത്തനത്തിനും, എന്റെ ഉള്ളം എന്റെ രക്ഷിതാവായ ദൈവത്തിൽ ആനന്ദിക്കുന്നു എന്ന തുടക്കം തന്നെ ഏതാണ്ട് ഒരുപോലെയാണ്.

തങ്ങളുടെ സ്ത്രീത്വത്തിന്റെ മാനാപമാനങ്ങളെക്കുറിച്ച് അനിശ്ചിതത്വം നിലനിൽക്കുമ്പോൾ തന്നെ തങ്ങളുടെ രക്ഷകൻ ദൈവമാണെന്നറിയാനും, ആ ദൈവത്തിൽ ആനന്ദിക്കാനും കഴിയുന്നതാണ്, വിശ്വാസത്തിന്റെ പരമപ്രധാന വസ്തുത. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ കാതൽ 'താഴ്മയുള്ളവർ ഭാഗ്യവാന്മാർ' അതായതു 'അനുഗ്രഹീതർ' എന്ന സന്ദേശം ഈ സാധാരണ സ്ത്രീകൾക്ക് ദൈവിക വെളിപ്പാടിലൂടെ ലഭിക്കുന്നു. ഏതു സന്ദർഭത്തിലും ഉറച്ച പാറയായ തങ്ങളുടെ ദൈവത്തിൻെറ വിശ്വസ്തതയെക്കുറിച്ചുള്ള ബോധ്യവും ഇവർക്ക് ലഭിക്കുന്നു. ഈ ഭാഗം ധ്യാനിക്കുമ്പോൾ ചിലരുടെയെങ്കിലും ഉള്ളത്തിൽ തോന്നാനിടയുണ്ട് സെഖര്യാവിന്റെ വീട്ടിൽ മറിയ എലിസബത്തിനെ സന്ദർശിക്കുമ്പോൾ താനും ദൈവത്തെ പാടി സ്തുതിച്ചില്ലേ എന്ന്. എന്നാൽ ലൂക്കോസ് 1: 39 മുതൽ 45 വരെയുള്ള വേദഭാഗത്തു കാണുന്ന വിവരണത്തിൽ, ആരുമറിയാത്ത ഈ പരമ രഹസ്യം(അതായതു മറിയയിൽ പരിശുദ്ധാത്മാവിനാൽ വചനം ജഡം ധരിച്ച് യേശു ഉരുവായി എന്ന ഒരേയൊരു സംഭവം) മനസിലാക്കാൻ അന്ന് പ്രാപ്തിയുള്ള ഏക വനിതാരത്നം എലിസബത്ത് മാത്രമായിരുന്നു എന്ന് ചിന്തിക്കാവുന്നതാണ്. ദൈവം തന്നെ ഇതവൾക്കു വെളിപ്പെടുത്തിക്കൊടുത്തത് മറിയയ്ക്കു ആശ്വാസമായിരിക്കുവാൻ ഉള്ള ദൈവിക കരുതലിന്റെ ഒരു പദ്ധതി ആയിരുന്നു. എലിസബത്തിന്റെ വാക്കുകൾ ഒരു സങ്കീർത്തനമായിരുന്നില്ല, പ്രത്യുത പരിശുദ്ധാത്മാവിൽ നിറഞ്ഞുള്ള അവളുടെ ഒരു പ്രഖ്യാപനമായിരുന്നു.

തന്നെ ധ്യാനിക്കുന്നവർക്കും തേടുന്നവർക്കും നിശ്ചയമായും തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്ന ദൈവം ഇന്നും ജീവിക്കുന്നു. ജ്ഞാനത്തിനപ്പുറം, ലോകഗരിമകൾക്കപ്പുറം അതായതു ലൗകികപ്രതാപങ്ങൾക്കുമപ്പുറം താഴ്മയുള്ള ഹൃദയങ്ങൾക്ക് സ്വയം വെളിപ്പെടുത്തുന്ന ദൈവം... ഫാനിക്രിസ്ബിയെപ്പോലെ, ലോകപരമായ അന്ധതയിലും അകക്കണ്ണുകൾ പ്രകാശിക്കപ്പെട്ട്, ദൈവത്തെ പാടി സ്തുതിക്കുന്ന സഹോദരിമാർ, ആധുനിക ലോകത്തുമുണ്ട്. സഹോദരിമാരെ, നമുക്കും നമ്മുടെ ഹൃദയം, തന്നെത്തന്നെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിങ്കലേക്ക് പകരാം, കീർത്തനങ്ങളാൽ അവനെ പാടി സ്തുതിക്കാം. •

.



**മത്തായിയുടെ സുവിശേഷ ത്തിലെആത്മിക മർമ്മങ്ങൾ**

ജോയ് എം. തോമസ്

# വാക്കുകളിൽ പ്രകടമാകുന്ന വിശ്വാസം

*‘രാവിലെ അവൻ നഗരത്തിലേക്കു മടങ്ങിപ്പോകുന്ന സമയം വിശന്നിട്ടു വഴിയരികെ ഒരു അത്തിവൃക്ഷം കണ്ടു, അടുക്കെ ചെന്നു, അതിൽ ഇലയല്ലാതെ ഒന്നും കാണായ്കയാൽ: ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ എന്നു അതിനോടു പറഞ്ഞു; ക്ഷണത്തിൽ അത്തി ഉണങ്ങിപ്പോയി. ശിഷ്യന്മാർ അതു കണ്ടാറെ: അത്തി ഇത്ര ക്ഷണത്തിൽ ഉണങ്ങിപ്പോയതു എങ്ങനെ എന്നു പറഞ്ഞു ആശ്ചര്യപ്പെട്ടു. അതിന്നു യേശു: നിങ്ങൾ സംശയിക്കാതെ വിശ്വാസം ഉള്ളവരായാൽ ഈ അത്തിയോടുചെയ്തതു നിങ്ങളും ചെയ്യും; എന്നു മാത്രമല്ല, ഈ മലയോടു: നീങ്ങി കടലിലേക്കു ചാടിപ്പോക എന്നു പറഞ്ഞാൽ അതും സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നിങ്ങൾ വിശ്വസിച്ചുകൊണ്ടു പ്രാർഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും എന്നു ഉത്തരം പറഞ്ഞു’( മത്തായി 21:18 - 22)*

ദൈവാലയ ശുദ്ധീകരണത്തിന് ശേഷം യേശുകർത്താവ് രാത്രിയിൽ വിശ്രമിച്ചത് ബെഥാന്യയിൽ ആയിരുന്നു( മത്തായി 21 :17). അവിടെനിന്നും രാവിലെ കർത്താവു വരുന്ന വഴിയിൽ നടന്ന സംഭവമാണ് നാം ചിന്തിക്കുന്ന വേദഭാഗത്ത് കാണുന്നത്. ജഡാവതാരത്തിൽ നമ്മുടെ ബലഹീന ശരീരത്തിന്റെ സാദൃശ്യത്തിലുള്ള ശരീരം സ്വീകരിച്ച കർത്താവിന് നമുക്കുള്ള ആവശ്യങ്ങൾ എല്ലാം തന്റെയും ആവശ്യമായി അനുഭവിച്ചിട്ടുണ്ട്. വിശപ്പും ദാഹവും, ഉറക്കവും ക്ഷീണവും എല്ലാം തനിക്കുണ്ടായിരുന്നു. പാപം ഒഴികെ സകലത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടു എന്ന് പറഞ്ഞിരിക്കുന്നു(എബ്രായർ 4:15). കർത്താവിന് വിശന്നപ്പോൾ വഴി അരികെ ഒരു അത്തിവൃക്ഷം കാണുകയും ഭക്ഷിപ്പാൻ എന്തെങ്കിലും അതിൽ നിന്ന് ലഭിക്കും എന്നാശിച്ചുകൊണ്ട് കർത്താവ് അതിന്റെ അടുക്കൽ എത്തുകയും ചെയ്യുന്നു.

അത്തിവൃക്ഷം കർത്താവിനെ നിരാശനാക്കി. അതിൽ ഇലയല്ലാതെ ഒന്നും ഉണ്ടായിരുന്നില്ല. മർക്കോസ് ഈ സംഭവം വിവരിക്കുമ്പോൾ ഇങ്ങനെ പറയുന്നു: ‘അവൻ ഇലയുള്ള ഒരു അത്തിവൃക്ഷം ദൂരത്തുനിന്ന് കണ്ടു. അതിൽ വല്ലതും കണ്ടു കിട്ടുമോ എന്ന് വെച്ച് ചെന്നു. അതിനരികെ എത്തിയപ്പോൾ ഇല അല്ലാതെ ഒന്നും കണ്ടില്ല. അത് അത്തിപ്പഴത്തിന്റെ കാലം അല്ലാഞ്ഞുതാനും’ (മർക്കോസ് 11:13)

അത്തിപ്പഴത്തിന്റെ കാലമല്ല അതെന്ന് അറിഞ്ഞിട്ടും യേശു എന്തിനാണ് അതിൽ ഫലം തെരഞ്ഞത്? പലസ്തീനിലെ അത്തിവൃക്ഷം കായ്ക്കുന്നതിന് മുമ്പ് ഭക്ഷ്യയോഗ്യമായ മൊട്ടുകൾ (edible knobes) ഉണ്ടാകാറുണ്ട്. വസന്തകാലത്ത് ഉണ്ടാകുന്ന ആദ്യ ഇലകൾക്ക് ശേഷമാണ് മൊട്ടുകൾ ഉണ്ടാകാറുള്ളത്. ഇത് യഥാർത്ഥ അത്തി കായ്കൾ അല്ല. മൊട്ടുകൾ ഉണ്ടായതിനുശേഷം ആറാഴ്ചകൾ കഴിഞ്ഞിട്ടാണ് യഥാർത്ഥ കായ്കൾ ഉണ്ടാകാറുള്ളത്. മൊട്ടുകൾ, ഭാവിയിൽ അത്തിക്കായ്കൾ ഉണ്ടാകും എന്നതിന്റെ അടയാളമാണ്. മൊട്ടുകൾ ഉണ്ടാകുന്നില്ല എങ്കിൽ ഭാവിയിലും ഈ അത്തി കായ്ക്കുക ഇല്ല എന്ന സന്ദേശമാണ് നൽകുന്നത്. ഫലം നൽകാത്ത അത്തിയായി ഇതിനെ പരിഗണിക്കാം. ഈ അത്തിയെ നോക്കി കർത്താവ് പറഞ്ഞു: 'ഇനി നിന്നിൽ ഒരുനാളും ഫലമുണ്ടാകാതെ പോകട്ടെ'.

കർത്താവിന്റെ എല്ലാ പ്രവർത്തികളും കർത്താവ് പഠിപ്പിക്കുന്ന കാര്യങ്ങളുടെ പ്രായോഗിക വശം കൂടിയാണ്. ഫലം നൽകാത്തതിനെ നീക്കികളയും എന്നത് ദൈവത്തിന്റെ നീതിയാണ്. ഇത് കർത്താവ് പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. ഫലം കായ്ക്കാത്ത അത്തിയെ വെട്ടിക്കളയും (ലൂക്കോസ് 13:9). ഫലം നൽകാത്ത കൊമ്പിനെ നീക്കിക്കളയുന്നു, അത് ഉണങ്ങിപ്പോകുന്നു (യോഹന്നാൻ 15:2,6) എന്നും കർത്താവ് വ്യക്തമാക്കിയിട്ടുണ്ട്. കർത്താവ് അത്തിയെ ശപിക്കുകയും അത് ഉണങ്ങിപ്പോവുകയും ചെയ്ത സംഭവം കർത്താവ് നൽകിയ മുന്നറിയിപ്പുകളുടെ ഗൗരവവും ആധികാരികതയും ഉറപ്പിക്കുന്നു.

ഒരുപക്ഷേ ഇത് ഇസ്രയേലിന് ഉണ്ടാകുവാൻ പോകുന്ന ഭവിഷ്യത്തിന്റെ അടയാളം ആയിരുന്നിരിക്കാം. അവരുടെ മശിഹായെ തിരിച്ചറിയാതെയും അംഗീകരിക്കാൻ കഴിയാതെയും ഇരുന്ന അവിശ്വാസത്തിനുള്ള, ഫലം നൽകാത്ത പരാജയത്തിനുള്ള ശിക്ഷയുടെ അടയാളം! യിരെമ്യാവ് 8 :13, ഹോശേയ 9:10 - 17 തുടങ്ങിയ വേദഭാഗങ്ങളിൽ ഇസ്രയേലിനെ മുന്തിരിയോടും അത്തിയോടും ഉപമിച്ചിട്ടുണ്ട്. അത്തിയെ ശപിച്ച കർത്താവിന്റെ പ്രവർത്തി ഇസ്രയേലിന്മേൽ വിധിക്കുന്ന ശിക്ഷയുടെ മുന്നറിയിപ്പും അടയാളവും ആയിരുന്നിരിക്കാം.

അത്തി വേഗത്തിൽ ഉണങ്ങിപ്പോയി. അത് ശിഷ്യന്മാരിൽ ആശ്ചര്യം ഉളവാക്കി. കർത്താവിന്റെ വാക്കുകളിലെ ശക്തിയും അധികാരവും അവർ ഒരിക്കൽക്കൂടി ശ്രദ്ധിക്കുകയായിരുന്നു. പണിയുവാനും ഇടിക്കുവാനുമുള്ള തന്റെ അധികാരം! അവിടുന്ന് എന്ത് കൽപ്പിക്കുന്നു അത് സംഭവിക്കുന്നു. കർത്താവിന്റെ വാക്കുകൾ അവസാനത്തെ വാക്കുകൾ (final word) ആണ്. അതിനുമീതെ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. 'ആരും അടയ്ക്കാതെവണ്ണം തുറക്കുവാനും ആരും തുറക്കാതെ വണ്ണം അടയ്ക്കുവാനും അവിടുന്ന് അധികാരം ഉള്ളവനാണ് '(വെളിപ്പാട് 3:7). കർത്താവ് തന്റെ അധികാരത്തിന്റെ വാക്കുകളാൽ രോഗികളെ സൗഖ്യമാക്കി, ഭൂതങ്ങളെ പുറത്താക്കി, കുഷ്ഠരോഗികളെ ശുദ്ധമാക്കി, മരിച്ചവരെ ഉയിർപ്പിച്ചു... അങ്ങനെ ജീവൻ നൽകുന്ന എത്ര എത്ര അത്ഭുതങ്ങൾ ചെയ്തു. അത്തി ഉണങ്ങുവാൻ കൽപ്പിച്ചത് അത്തരത്തിലുള്ള ഏക അത്ഭുതമാണ്. അതും ഒരു മുന്നറിയിപ്പായിട്ട് മാത്രം!

അത്തി ഉണങ്ങിയതിൽ അത്ഭുതപ്പെടുന്ന ശിഷ്യന്മാരെ ആ സംഭവത്തിലൂടെ പ്രാർത്ഥനയുടെ ശക്തി മനസ്സിലാക്കി കൊടുക്കുവാൻ കർത്താവ് ആഗ്രഹിച്ചു. അത്ഭുതങ്ങൾ ഉണ്ടാകുന്നതിനുള്ള തുടക്കമാണ് പ്രാർത്ഥന. കർത്താവിന്റെ ശിഷ്യന്മാർ പ്രാർത്ഥിക്കുന്നവർ ആകണമെന്നും കർത്താവ് ആഗ്രഹിക്കുന്നു. പ്രാർത്ഥന ദൈവം കേൾക്കുന്നത് പ്രാർത്ഥിക്കുന്ന വ്യക്തിയിലെ വിശ്വാസം പരിഗണിച്ചാണ്. കർത്താവിലുള്ള പൂർണ്ണ വിശ്വാസത്തോടെ പ്രാർത്ഥനയിൽ അപേക്ഷിക്കുന്നത് വ്യർത്ഥമാവുകയില്ല. പ്രവർത്തിക്കുവാനുള്ള കർത്താവിന്റെ സർവശക്തിയിലും കർത്താവിന്റെ സ്വഭാവത്തിലും ഉള്ള തിരിച്ചറിവാണ് വിശ്വാസത്തിന് ആധാരം ആയിരിക്കുന്നത്. കർത്താവിന് പ്രവർത്തിക്കുവാൻ ഇഷ്ടമില്ലാത്തത് പ്രാർത്ഥനയിലൂടെ നമുക്കും ചെയ്യിപ്പിക്കാൻ കഴിയുകയില്ല. അതുപോലെ കർത്താവിന് ചെയ്യുവാൻ മനസ്സ് ആണെങ്കിലും കർത്താവ് അത് ചെയ്യുവാൻ കഴിയും എന്ന് വിശ്വസിക്കാത്തവർക്കായി പ്രവർത്തിക്കുകയും ഇല്ല.

പ്രാർത്ഥനകൾ മലയെ മാറ്റുവാൻ കഴിയും എന്നാണ് കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ചത്. അതായത് കർത്താവ് ഭരമേല്പിച്ച, നമ്മുടെ ദൗത്യ നിർവഹണത്തിന് തടസ്സമായി നിൽക്കുന്ന എന്തും, എത്ര വലുതായിരുന്നാലും വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നവർക്ക് ആ തടസ്സങ്ങളെ മാറ്റിയെടുക്കാം. ചെങ്കടൽ വിഭാഗക്കപ്പെട്ടതും, യോർദാൻ രണ്ടായി പിരിഞ്ഞതും, യോശുവയുടെ പ്രാർത്ഥന, സൂര്യനെ ഒരു സമയത്തേക്ക് നിശ്ചലമാക്കി



# ക്രിസ്തുവിന്റെ ധീരനായ പടയാളി

**കാ**നം അച്ചൻ എന്നറിയപ്പെടുന്ന സുവിശേഷകൻ ബഹുമാന്യനായ പി. ഐ. എബ്രഹാം താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു എന്ന വിവരം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. നേർവീഥി മാസികയുടെ തുടക്കം മുതൽ എല്ലാ മാസവും മുടങ്ങാതെ അദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. അഡ്വൈസറി ബോർഡ് അംഗവും കൂടിയായിരുന്ന അദ്ദേഹത്തിന്റെ വീട്ടിൽ എല്ലാ മാസവും ഞങ്ങൾ ചെല്ലുകയും സൗഹൃദ സംഭാഷണത്തിൽ സമയം ചിലവഴിക്കുകയും സൽക്കാരങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. ഞങ്ങളെ അത്ഭുതപ്പെടുത്തിയ വിഷയം പ്രസിദ്ധീകരിക്കേണ്ടുന്ന ലേഖനം അദ്ദേഹം വാമൊഴിയായി തെറ്റു കൂടാതെയും വിഘ്നം കൂടാതെയും പറയുമായിരുന്നു എന്നതാണ്. അതായത് ഏതു വിഷയത്തെക്കുറിച്ചും അഗാധമായ ജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നു. നല്ല വായനാശീലമുണ്ടായിരുന്നതിനാൽ നല്ലൊരു പുസ്തക ശേഖരത്തിന്റെ ഉടമയും കൂടെയായിരുന്നു അദ്ദേഹം. അസാമാന്യമാം വിധം ധീരനായിരുന്നു. കോവിഡ് കാലത്തെ നിയന്ത്രണങ്ങൾ നിമിത്തം യാത്ര ചെയ്യുന്നതിനു പരിമിതികൾ ഉണ്ടായിരുന്നതിനാലും തുടർന്നുള്ള അദ്ദേഹത്തിന്റെ ആരോഗ്യപ്രശ്നങ്ങൾ നിമിത്തവും ലേഖനങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. നേർവീഥി മാസികയിൽ അദ്ദേഹം എഴുതിയ ഈടുറ്റ ലേഖനങ്ങൾ അനേകർക്ക് ആത്മികവർദ്ധനവിനു സഹായകമായിട്ടുണ്ട്. അദ്ദേഹം നല്കിത്തന്ന വിലപ്പെട്ട സേവനത്തിനു ഞങ്ങളുടെ അങ്ങേയറ്റം കടപ്പാടും നന്ദിയും ഇത്തരുണത്തിൽ രേഖപ്പെടുത്തട്ടെ. ആക്ഷരികമായി തന്റെ വേർപാടിൽ ദു:ഖമുണ്ടെങ്കിലും, വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് കൂടെ അത്യുത്തമമായ അവസ്ഥയിൽ താൻ ആയിരിക്കുന്നതിൽ നാം സന്തോഷിക്കുകയാണ് വേണ്ടത്.

*എഡിറ്റോറിയൽ ബോർഡ്*

---

യതും എല്ലാം ഇതിന് ഉദാഹരണമാണ്. യേശു കർത്താവ് കാറ്റിനെ കടലിനെയും ശാന്തമാക്കുന്നതു നാം കാണുന്നവല്ലോ. പ്രാർത്ഥനയുടെ സാധ്യത മനസ്സിലാക്കുന്നവർക്കാണ് പ്രാർത്ഥനാ ജീവിതം നയിക്കുവാൻ കഴിയുന്നത്.

കർത്താവിന്റെ പ്രവർത്തികളെല്ലാം തന്റെ പ്രാർത്ഥനയുടെ ബലത്തിൽ ആയിരുന്നു എന്നു കൂടി കർത്താവ് നമ്മെ പരോക്ഷമായി ഓർമ്മിപ്പിക്കുന്നു ഇവിടെ. അതികാലത്ത് എഴുന്നേറ്റ് പ്രാർത്ഥിക്കുന്ന (മർക്കോസ്1:35), രാത്രി മുഴുവൻ പ്രാർത്ഥിക്കുന്ന (ലൂക്കോസ്6:12) പകലിലും പ്രാർത്ഥിക്കുന്ന (ലൂക്കോസ്11:1) കർത്താവ് നമുക്ക് നല്ല മാതൃക ആകുന്നു.

ഈ സംഭവം വിവരിക്കുമ്പോൾ പ്രാർത്ഥിക്കുന്ന ഓരോരുത്തരും ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൂടി മർക്കോസ് രേഖപ്പെടുത്തുന്നു. 'നിങ്ങൾ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിനു ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോട് ക്ഷമിക്കണം. നിങ്ങൾ ക്ഷമിക്കാതിരുന്നാലോ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കുകയില്ല'( മർക്കോസ് 11:25,26).

ക്ഷമിക്കുന്ന ഹൃദയം പ്രാർത്ഥനയ്ക്ക് വളരെ അത്യാവശ്യമാണ്. നമ്മുടെ പാപങ്ങൾ മാത്രമാണ് പ്രാർത്ഥനയ്ക്കുള്ള ശരിയായ തടസ്സം. ശുദ്ധമാക്കപ്പെട്ട ഹൃദയത്തിൽ നിന്ന് മാത്രമേ വിശ്വാസത്തോടെയുള്ള പ്രാർത്ഥന ഉയരുകയുള്ളൂ. നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞു പ്രാർത്ഥിക്കുമ്പോൾ ദൈവം അവ ക്ഷമിക്കുന്നതിന് തടസ്സം, നമ്മോട് തെറ്റ് ചെയ്തവരോട് നാം ക്ഷമിക്കാതെ ഇരിക്കുന്ന മനസ്സാണ്. ദൈവത്തിന്റെ ക്ഷമ ലഭിച്ചവർ സമസൃഷ്ടങ്ങളോടു ക്ഷമിക്കുന്നവർ ആയിരിക്കണം എന്നും, ദൈവത്തോട് ക്ഷമ ചോദിക്കുന്നവർ സമസൃഷ്ടങ്ങളോടു ക്ഷമിച്ച ഹൃദയത്തോടെ പ്രാർത്ഥിക്കണം എന്നും ദൈവം കൽപ്പിച്ചിരിക്കുന്നു. •

വിശ്വാസം മറ്റുള്ളവർക്ക് ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നു. നാം ദൈവത്തിന്റെ പ്രതിച്ഛായയെ പ്രതിഫലിപ്പിച്ച് ദൈവത്തിന്റെ സന്തോഷം, ജ്ഞാനം, സ്നേഹം, സമാധാനം എന്നിവ അനുകൂലവും പ്രതികൂലവുമായ എല്ലാ സാഹചര്യങ്ങളിലും വെളിപ്പെടുത്തുമ്പോൾ ലോകം നമ്മിലൂടെ യേശുവിനെ കാണും. കഠിനമായ സാഹചര്യങ്ങൾക്കിടയിൽ നമ്മുടെ വിശ്വാസം തകർന്നാൽ ദൈവം വിശ്വസ്തനല്ല, സ്നേഹമുള്ളവനല്ല എന്നൊക്കെയാണ് നാം ലോകത്തോട് മൗനമായി പറയുന്നത്. ക്രിസ്ത്യാനികൾ ഈ ഘട്ടത്തിൽ വിശ്വാസക്കുറവ് പ്രകടിപ്പിക്കുകയാണെങ്കിൽ, അവിശ്വാസികൾ ക്രിസ്തുവിൽ ആശ്രയിക്കുമെന്ന് എങ്ങനെ പ്രതീക്ഷിക്കാം? പകരം, ദൈവത്തിലുള്ള വിശ്വാസമാണ് എല്ലായ്പ്പോഴും ഉത്തരമെന്നും കഷ്ടകാലത്ത് നമ്മുടെ ഏക ആശ്രയം അവനാണെന്നും ലോകത്തിനു വെളിപ്പെടുത്തണം.

ലോകത്തെ ജയിക്കുന്നവരാകാൻ വിശ്വാസം നമ്മെ പ്രാപ്തരാക്കുന്നു. ജഡത്തെയും ലോകത്തെയും ജയിക്കാൻ മാത്രമല്ല, പിശാചിനെ ജയിക്കാനും വിശ്വാസം നമ്മെ പ്രാപ്തരാക്കുന്നു. വിശ്വാസത്തിനു മാത്രമേ ശത്രുവിനെ തുരത്താൻ കഴിയൂ. വിശ്വാസം നഷ്ടപ്പെടുമ്പോൾ സാത്താന്റെ ക്രൂരമായ ആക്രമണങ്ങൾക്കായി നാം നമ്മെത്തന്നെ അനുവദിക്കുന്നു. വിശ്വാസവും സംശയവും ഒരുമിച്ച് നിലനിൽക്കില്ലെന്ന് സാത്താന് അറിയാം. അതിനാൽ ദൈവത്തെയും അവന്റെ വിശ്വസ്തതയെയും സംശയിക്കാൻ പിശാചു തന്റെ കഴിവിന്റെ പരമാവധി ചെയ്യുന്നു. സംശയവും അവിശ്വാസവും നമ്മിലുളവായാൽ അത് നാം എടുക്കുന്ന ഓരോ തിരഞ്ഞെടുപ്പിനെയും ബാധിക്കുന്നു. അവിശ്വാസത്തിന് ദൈവബന്ധത്തോടുള്ള നമ്മുടെ സംവേദനക്ഷമതയെ നശിപ്പിക്കാൻ കഴിയും. ഈ മനോഭാവത്തിൽ നാം തുടർന്നാൽ നമ്മുടെ വിശ്വാസക്കപ്പൽ തകരും. ഇന്ന് സഭയിൽ സംഭവിക്കുന്നത് ഇതാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളും സാത്താന്റെ സമ്പൂർണ ആക്രമണത്തിലാണ്. നാം ഇത് തിരിച്ചറിഞ്ഞു വിശ്വാസത്തിന്റെ കവചം എടുത്തില്ലെങ്കിൽ, നാം ഒരിക്കലും ഇതിനെ അതിജീവിക്കില്ല! ദൈവവചനത്തിലും തന്റെ വാഗ്ദാനങ്ങളിലും അവിശ്വാസം ഉള്ളിടത്തു സംശയം എല്ലായ്പ്പോഴും കണ്ടെത്താനാകും.

**കഠിനമായ സാഹചര്യങ്ങൾക്കിടയിൽ നമ്മുടെ വിശ്വാസം തകർന്നാൽ ദൈവം വിശ്വസ്തനല്ല, സ്നേഹമുള്ളവനല്ല എന്നൊക്കെയാണ് നാം ലോകത്തോട് മൗനമായി പറയുന്നത്.**

വിശ്വാസം യുക്തി കൊണ്ടും ലോജിക്കു കൊണ്ടും ബോധ്യമാക്കുക അസാധ്യം. റോമർ 10:17 നമ്മോട് പറയുന്നത്: 'വിശ്വാസം കേൾവിയിലൂടെയും കേൾവി ദൈവവചനത്തിലൂടെയും വരുന്നു'. നാം അനുദിനം ദൈവവചനം ധ്യാനിക്കേണ്ടതിന്റെ പ്രധാന കാരണങ്ങളിലൊന്നാണിത്. എന്നിരുന്നാലും എബ്രായർ 4:2 പറയുന്നു: 'പ്രസംഗിച്ച വചനം അവർക്ക് പ്രയോജനം ചെയ്തില്ല, കാരണം അത് അവരിൽ വിശ്വാസമായി പരിണമിച്ചിരുന്നില്ല'. ദൈവത്തിന്റെ സ്വഭാവത്തെ സംശയിക്കുന്നത് നമ്മുടെ ആത്മീയ വളർച്ചയെ തടയുകയും ആത്യന്തികമായി വിശ്വാസത്തെ വിഴുങ്ങുകയും ചെയ്യും. ജീവിതത്തിൽ ദൈവം എന്ത് അനുവദിച്ചാലും അത് നിമിത്തം ദൈവം ആരെയും ഒരിക്കലും നിരാശരാക്കില്ലെന്നും ഒരിക്കലും വഞ്ചിക്കില്ലെന്നും വിശ്വസിക്കാനുള്ള ഇച്ഛാശക്തിയിലൂടെയാണ് അത്തരം സംശയങ്ങളെ നേരിടാൻ നമുക്ക് കഴിയുന്നത്. ദൈവം അറിഞ്ഞും, അനുവദിച്ചും സംഭവിക്കുന്ന ഏതിനെയും നമ്മുടെ നന്മയ്ക്കായി വ്യാപാരിപ്പിക്കും എന്ന ബോധ്യം നമ്മിൽ രൂഢമൂലമാകേണ്ടതാണ്.

നാം ഒരിക്കലും ദൈവത്തെ സംശയിക്കരുത്, അല്ലെങ്കിൽ ദൈവം ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചു മാനുഷിക ചിന്തയിലും ബുദ്ധിയിലുംനമ്മുടെ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തരുത്. ജീവിതത്തിൽ ദൈവം അനുവദിക്കുന്നതെല്ലാം ദൈവസ്നേഹത്തിൽ നിന്നാണ് വരുന്നതെന്നും അത് നമ്മെ ഓരോരുത്തരെയും ക്രിസ്തുവിന്റെ പ്രതിച്ഛായയിലേക്ക് രൂപാന്തരപ്പെടുത്താൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണെന്നും യഥാർത്ഥ ക്രിസ്ത്യാനി വിശ്വസിക്കുന്നു. 'നമുക്ക് നല്ലതായി തോന്നുന്നത് ദൈവത്തിന്റെ ദൃഷ്ടിയിൽ നല്ലതായിരിക്കണമെന്നില്ല, നമുക്ക് തിന്മയായി തോന്നുന്നത് ദൈവത്തിന്റെ ദൃഷ്ടിയിൽ തിന്മയായിരിക്കണമെന്നുമില്ല' എന്ന സിഎസ് ലൂയിസിന്റെ വാക്കുകൾ ഓർമ്മയിൽ സൂക്ഷിക്കാം •

ബോവസിനു രൂത്തിനെ വീണ്ടെടുക്കാനും വിവാഹം കഴിക്കാനും ആകൂ. പട്ടണസഭയുടെ മുമ്പാകെ ബോവസ് അയാളുമായി സംസാരിച്ചു. വിധവയായ രൂത്തിനെ വിവാഹം കഴിക്കാൻ അയാൾ തയ്യാറല്ലായിരുന്നു. അങ്ങനെ ബോവസ് പട്ടണത്തിന്റെ നിയമപ്രകാരവും ദൈവത്തിന്റെ ന്യായപ്രമാണമനുസരിച്ചും രൂത്തിന്റെ വീണ്ടെടുപ്പുകാരനും ഭർത്താവുമായി.

ആ വിവാഹത്തെ ആശീർവദിക്കുവാൻ മൂപ്പന്മാരെല്ലാം തയ്യാറായിരുന്നു. കാരണം, അതൊരു വിശുദ്ധവിവാഹമായിരുന്നു. തലേരാത്രി ആലംബഹീനയായി അഭയം ചോദിച്ചെത്തിയ രൂത്തിനെ ബോവസ് അവിഹിതമായി സ്വന്തമാക്കിയിരുന്നുവെങ്കിൽ അവരുടെ വിവാഹത്തിന് ഒരിക്കലും മൂപ്പന്മാരുടെ ആശീർവാദം ലഭിക്കുകയില്ലായിരുന്നു. രൂത്തിന്റെ മോവാബ്യസൗന്ദര്യം ഒരു രാത്രി ക്കല്യാണത്തിലൂടെ കവർന്നെടുക്കാനല്ല; പ്രത്യുത, പ്രമാണമനുസരിച്ച് വിലകൊടുത്ത് അവളെ വീണ്ടെടുക്കാനാണു ബോവസ് പരിശ്രമിച്ചത്. ബോവസിന്റെയും രൂത്തിന്റെയും കല്യാണം ഒരു 'വഴിക്കല്യാണ'വുമല്ലായിരുന്നു. ന്യായപ്രമാണമനുസരിച്ചുള്ള ഒരു വിശുദ്ധവിവാഹം. പട്ടണവാസികൾ സാക്ഷികളായുള്ള വിവാഹം, പട്ടണമൂപ്പന്മാരുടെ പ്രാർഥനയുടെ പിൻബലമുള്ള വിവാഹം. ഒരു വിവാഹത്തിനു സാക്ഷികൾ ഉണ്ടായിരിക്കണം, സഭയുടെ ആശീർവാദമുണ്ടായിരിക്കണം. എന്നാലേ ആ വിവാഹം അനുഗ്രഹീതമാകുന്നുള്ളൂ.

'യിസ്രായേൽ ഗൃഹം പണിയുക'യാണ് രൂത്തിന്റെ ഒന്നാമത്തെ ചുമതല എന്ന് അനുഗ്രഹവചനങ്ങളിൽ വ്യക്തമാണ് (രൂത്ത്4:11). വിജാതീയ പശ്ചാത്തലത്തിൽ ജനിച്ചു വളർത്തപ്പെട്ടവളായിരുന്നിട്ടും "യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻകീഴിൽ ആശ്രയിച്ചു വന്ന" രൂത്ത് (രൂത്ത് 2:12) യിസ്രായേൽ ഗൃഹം പണിയുകതന്നെ ചെയ്തു. ദൈവം അവൾക്ക് ഒരു മകനെ കൊടുത്തു (രൂത്ത് 4 :16). എന്നാൽ, രൂത്ത് മകനെ അമ്മാവിയമ്മയായ നൊവോമിക്കു കൊടുക്കുന്നു (രൂത്ത് 4:16). നൊവോമി കുഞ്ഞിനെ എടുത്തു മടിയിൽ കിടത്തി അവനു ധാത്രി (പോറ്റമ്മ) ആയിത്തീർന്നു (രൂത്ത്4 :16).

നൊവോമി ഓബേദിന്റെ മുത്തശ്ശിയല്ലേ എന്നു നിങ്ങൾ ചോദിച്ചേക്കാം. ആണോ? വാസ്തവത്തിൽ ആ കുഞ്ഞിനു നൊവോമിയുമായി എന്തു ബന്ധമാണുള്ളത്? അതു നൊവോമിയുടെ മകന്റെ മകനല്ല, മകളുടെ മകനുമല്ല, മോവാബ്യദേശക്കാരിയായ മരുമകൾക്കു ഭർത്താവിന്റെ (അകന്ന) ചാർച്ചക്കാരിലൊരാളിൽ (അടുത്ത ചാർച്ചക്കാരൻ പിന്മാറിയതുകൊണ്ടാണല്ലോ ബോവസ് രൂത്തിനെ വിവാഹം ചെയ്തത്) ജനിച്ച പുത്രൻ അത്രയല്ലേ ഉള്ളൂ... രൂത്തിനു തന്റെ പുത്രനെ നൊവോമിയുടെ മടിയിൽ കൊടുക്കേണ്ട കാര്യമൊന്നും മാനുഷികമായി പറഞ്ഞാൽ ഇല്ല. എന്നാൽ, മോവാബിൽ വെച്ച് ഭർത്താവും ഭർത്തൃപിതാവും മരിച്ചപ്പോൾ വിധവയായ അമ്മാവിയമ്മയോടു വിധവയായ മരുമകൾ രൂത്ത് ചെയ്ത ഒരു ഉടമ്പടിയുണ്ട്: "നിന്റെ ജനം എന്റെ ജനം; നിന്റെ ദൈവം എന്റെ ദൈവം; മരണം വരെ; മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിയുകയില്ല" (രൂത്ത് 1: 16,17). അങ്ങനെ അമ്മാവിയമ്മയായിരുന്ന നൊവൊമി രൂത്തിന്റെ അമ്മയായിത്തീർന്നു. ധനികനായ ബോവസിന്റെ വിശ്രുതയായ ഭാര്യയായിക്കഴിഞ്ഞപ്പോഴും രൂത്ത് തന്റെ ഉടമ്പടി മറന്നില്ല. തീർച്ചയായും ആ വിശ്വസ്തതയാണു യിസ്രായേൽഗൃഹം പണിയാൻ അവളെ പ്രാപ്തയാക്കിയത്.

അയൽക്കാരികൾ പറയുന്നത് 'ബോവസിന് ഒരു മകൻ ജനിച്ചു എന്നല്ല' രൂത്തിന് ഒരു മകൻ ജനിച്ചു എന്നല്ല, നൊവോമിക്ക് ഒരു മകൻ ജനിച്ചു (രൂത്ത് 4:17) എന്നാണ്. അവർ പൈതലിനെക്കുറിച്ച് കൃത്യമായ ഒരു പ്രവചനവും നടത്തി. "അവൻ നിനക്ക് ആശ്വാസപ്രദനും നിന്റെ വാർധക്യത്തിങ്കൽ പോഷകനും ആയിരിക്കും" (രൂത്ത് 4: 15). കാരണമുണ്ട്, "നിന്നെ സ്നേഹിക്കുന്നവളും ഏഴു പുത്രന്മാരെക്കാൾ ഉത്തമയും ആയിരിക്കുന്ന നിന്റെ മരുമകളല്ലോ അവനെ പ്രസവിച്ചത്" ഇതാണു സാക്ഷ്യം. വിശ്വസ്തതയുടെയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മനസ്സലിവിന്റെയും ഒരു ജീവിതം. അതുമതി ഏതു മാതാവിനും ദൈവികമായ ഒരു കുടുംബം പണിയുവാൻ.

രൂത്ത് മിര്യാമിനെപ്പോലെ തപ്പെടുത്ത് നൃത്തം ചെയ്തെന്നോ ദെബോരയെപ്പോലെ പ്രവചിക്കുകയും ന്യായപാലനം നടത്തുകയും യുദ്ധം നയിക്കുകയും ചെയ്തെന്നോ, ഹുൽദായെപ്പോലെ വേദപുസ്തകം വ്യാഖ്യാനിച്ചെന്നോ നാം വായിക്കുന്നില്ല. അവൾ ഒരു സാധാരണ വീട്ടമ്മയായിരുന്നു. എന്നിട്ടും അവൾ യിസ്രായേൽഗൃഹം

പണിയാൻ നിയോഗിക്കപ്പെട്ടവളായി. ഒരു സാധാരണ വീട്ടമ്മയ്ക്ക് എങ്ങനെ ഇത്ര മഹത്തായ ശുശ്രൂഷ നിർവഹിക്കാൻ കഴിയും? രൂത്തിനു തന്റെ ജീവിതകാലത്ത് ആകെ സ്വാധീനിക്കാൻ കഴിഞ്ഞത് ഒരുപക്ഷെ ഓബേദ് എന്ന തന്റെ മകനെയോ അധികമായാൽ ചെറുമകനായ യിശ്ശായിയെയോ മാത്രമായിരിക്കാം. എന്നാൽ, യിശ്ശായിയിൽ നിന്നാണ് ദാവീദ് ജനിച്ചത്. ദാവീദിന്റെ മുളയായവൻ യേശു. യേശുവിലൂടെ ഒരു പുതിയ യിസ്രായേൽ. വിശുദ്ധയും വിശ്വസ്തയുമായ വീട്ടമ്മ ഒരു ചെറിയ കാര്യമല്ല ചെയ്യുന്നത്. അവൾ അറിയാതെതന്നെ ഒരു ഭവനം പണിയുന്നുണ്ട്, ഭവനത്തിനപ്പുറത്ത് ഒരു സമൂഹത്തെ പണിയുന്നുണ്ട്.

സ്കോട്ട്ലൻഡിലെ ഒരു സഭയിലെ ശുശ്രൂഷകനായിരുന്നു ഇയാൻ മക്ലാരൻ. അദ്ദേഹത്തിന്റെ സഭയിൽ നടന്ന ഒരു കാര്യം ഇയാൻ വിവരിക്കുന്നത് ഇങ്ങനെയാണ്. ഒരുദിവസം അദ്ദേഹം സഭാജനങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയായിരുന്നു. ഒരു ഭവനത്തിന്റെ കതകിൽ മുട്ടിയപ്പോൾ വീട്ടമ്മ അടുക്കളയിൽ നിന്ന് ഓടിവന്ന് കതകു തുറന്നു. രോഗിയും ക്ഷീണിതയുമായ അവൾ കിതയ്ക്കുന്നുണ്ടായിരുന്നു. എന്നാൽ, ഏപ്രൺകൊണ്ട് അവൾ കണ്ണു തുടയ്ക്കുന്നതു കണ്ടപ്പോൾ ഇയാന് അത്ഭുതമായി. "എന്തു പറ്റി?", അദ്ദേഹം ചോദിച്ചു."ഞാൻ എന്റെ കർത്താവിനുവേണ്ടി ഒന്നും ചെയ്തിട്ടില്ല പാസ്റ്റർ" അവരുടെ കണ്ണുകൾ വീണ്ടും നിറഞ്ഞുതുളുമ്പി."നിങ്ങൾ കർത്താവിനുവേണ്ടിയല്ലേ ഇത്രയും നാൾ ജീവിച്ചത്? ഭർത്താവു മരിച്ചിട്ടും നിങ്ങൾ വിശ്വസ്തതയോടെ നാല് ആൺമക്കളെ പോറ്റിപ്പുലർത്തിയില്ലേ?'', ഇയാൻ അവരെ ആശ്വസിപ്പിക്കാൻ നോക്കി."ശരിയാണ് പാസ്റ്റർ... ഞാൻ അവർക്ക് മൂന്നുനേരം വെച്ചുവിളമ്പി, പാത്രം കഴുകി, തറ തുടച്ചു, തുണി അലക്കി. എന്നാൽ, എനിക്ക് കർത്താവിനുവേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഞാൻ ക്ഷീണിതയായി, ഇനി അധികനാളുകളില്ല.

കർത്താവിനുവേണ്ടി ഒന്നും ചെയ്യാതെ അവന്റെ സന്നിധിയിൽ വെറുംകയ്യായി ചെന്നുനില്ക്കുന്നത് എനിക്ക് ഓർക്കാൻകൂടി കഴിയുന്നില്ല പാസ്റ്റർ'', അവർ വിതുമ്പി. അവർക്ക് നാല് ആൺമക്കളാണ് ഉണ്ടായിരുന്നത്. നാലു സുവിശേഷകരുടെ പേരാണ് അവർ മക്കൾക്കു കൊടുത്തത്– മാത്യു, മാർക്ക്, ലൂക്ക്, ജോൺ. "ആട്ടെ, നിങ്ങളുടെ മക്കൾ എന്തു പറയുന്നു?'', ഇയാൻ ചോദിച്ചു.''അതെന്താ പാസ്റ്റർ അങ്ങനെ ചോദിച്ചത്? അങ്ങേയ്ക്കറിയാമല്ലോ ... മാത്യുവിനെ സെമിനാരിയിൽ പഠിച്ചിറങ്ങിയപ്പോൾ അങ്ങു തന്നെയല്ലേ ചൈനയിൽ മിഷനറിയായി പറഞ്ഞുവിട്ടത്. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ മാർക്കും അവന്റെ കൂടെ ചൈനയ്ക്കുതന്നെ പോയി... ലൂക്ക് പറഞ്ഞത് അവന്റെ വിളി ആഫ്രിക്കയിലേക്കാണെന്നാണ്. അങ്ങുതന്നെയാണല്ലോ അവനെ ആഫ്രിക്കയിലെ മിഷൻ സംഘടനകളുമായി പരിചയപ്പെടുത്തിയത്. എല്ലാം അങ്ങേക്ക് അറിയാമല്ലോ. അവന്റെ കത്തുണ്ടായിരുന്നു. ആഫ്രിക്കയിൽ നല്ല ഉണർവു നടക്കുന്നത്രെ. പലരും കർത്താവിനെ സ്വീകരിക്കുന്നു. പിന്നെ ഇളയമകൻ ജോൺ. അവന് പത്തൊമ്പതു വയസ്സു കഴിഞ്ഞതേയുള്ളൂ. ഇന്നലെ ഞങ്ങളൊരുമിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ പറഞ്ഞു, അവനും ചേട്ടന്റെ കൂടെ ആഫ്രിക്കയിലേക്ക് സുവിശേഷവേലയ്ക്കായി പോകണമെന്ന്. എന്നാൽ, വിധവയായ അവന്റെ അമ്മയെ ശുശ്രൂഷിച്ച് അമ്മയുടെ കാലം കഴിഞ്ഞ് ആഫ്രിക്കയിൽ പോയാൽ മതിയെന്ന് കർത്താവ് അവനോടു പറഞ്ഞിട്ടുണ്ടത്രെ.

ഇതുകേട്ടിട്ട് ഇയാൻ മക്ലാരന് കണ്ണീരടക്കാൻ കഴിഞ്ഞില്ല. "ഇങ്ങനെ നാലു മക്കളെ വളർത്തിയിട്ടാണോ സഹോദരീ നിങ്ങൾ വെച്ചുവിളമ്പിയും പാത്രം കഴുകിയും തറ തുടച്ചും നിങ്ങളുടെ ജീവിതം പാഴാക്കിയെന്നും കർത്താവിനുവേണ്ടി ഒന്നും ചെയ്തില്ലെന്നും വിലപിക്കുന്നത്? കർത്താവു നിങ്ങൾക്കുവേണ്ടി ഒരുക്കിയിരിക്കുന്ന മണിമേട, കർത്താവിന്റെ സിംഹാസനത്തോട് അടുത്തായിരിക്കുമെന്ന് എനിക്കുറപ്പുണ്ട്." ഇയാൻ മക്ലാരൻ പറഞ്ഞു. ദൈവം ഭവനം പണിയാൻ ഏല്പിക്കുന്നത് അത്ഭുതപ്പെടുത്തുന്ന ബുദ്ധിശക്തിയും അസാധാരണ കഴിവുകളുമുള്ള വലിയ മനുഷ്യരെയല്ല. പ്രമാണം സൂക്ഷിക്കുന്ന, വിശുദ്ധിയിൽ ജീവിക്കുന്ന, വിശ്വസ്തരായ, മനസ്സലിവുള്ള, ഭക്ഷണം വെച്ചുവിളമ്പുകയും പാത്രം കഴുകുകയും തുണിഅലക്കുകയും തറ തുടയ്ക്കുകയും ചെയ്യുന്ന സാധാരണ വീട്ടമ്മമാരെയാണ്.

വിശുദ്ധരും വിശ്വസ്തരുമായ അമ്മമാർ നമ്മുടെ ഭവനങ്ങളിൽ ഉണ്ടാകേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം. മനുഷ്യരെ നല്ലവരാക്കുവാൻ ദൈവത്തെ സഹായിക്കുന്ന അമ്മമാരെ മനസിലാക്കി ബഹുമാനിക്കുവാൻ ദൈവം നമുക്കേവർക്കും കൃപ നൽകട്ടെ. ●

കട്ടിയായ ആഹാരം ആർക്കാണ് കഴിക്കാൻ പറ്റുക? അത് എല്ലാവർക്കും സാധിക്കുകയില്ല. ഇന്ദ്രിയങ്ങൾ കൊണ്ടുതന്നെ നന്മതിന്മകളെ വിവേചിപ്പാൻ കഴിയുന്ന, നീതിയുടെ അഭ്യസനം ലഭിച്ചവരായ ആളുകൾക്ക് മാത്രം ആണ് കട്ടിയായ ആഹാരം കഴിക്കാൻ പറ്റുന്നത്. എങ്ങനെയാണു ഇന്ദ്രിയങ്ങൾ കൊണ്ട് തന്നെ ദൈവഹിതം തിരിച്ചറിയാൻ കഴിയുന്നത്? അത് നീതിയുടെ വചനത്തിൽ നിന്ന് ഉണ്ടാവുന്ന പരിചയം കൊണ്ടാണ്. ഇത് വളരെ ആത്മാർത്ഥമായ ഒരു പരിശ്രമം തന്നെ ആണ്. ആറാം അധ്യായം മൂന്നാം വാക്യത്തിൽ പറയുന്നത്: ദൈവഹിതം എങ്കിൽ നാം പരിജ്ഞാന പൂർത്തി പ്രാപിക്കും എന്നാണ്. നാം ദൈവഹിതം മനസ്സിലാക്കുന്നത് ദൈവവചനത്തിൽ നിന്ന് ആത്മാവിൽ ലഭിക്കുന്ന കാഴ്ചപ്പാടുകളിലൂടെയാണ്. ഓരോനിമിഷവും നമുക്ക് ക്രിസ്തു ആരെന്നു വെളിപ്പെടുത്തി തരുന്നത് ഉള്ളിൽ വസിക്കുന്ന ദൈവത്തിന്റെ ആത്മാവാണ്.

എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്നതെന്ത്? ദൈവത്തിന്റെ ആത്മാവ് സ്ഥിരമായി നമ്മിൽ വസിക്കുകയും നാം ആത്മാവിന്റെ ശബ്ദത്തോട് 'സെൻസിറ്റീവ്' ആയ ഒരു ജീവിതത്തിലേക്ക് പ്രവേശിച്ച് നമ്മുടെ ഇന്ദ്രിയങ്ങൾ കൊണ്ട് കാണുകയോ കേൾക്കുകയോ സ്പർശിക്കുകയോ ചെയ്യുമ്പോൾ തന്നെ, അത് ദൈവഹിതം ആണോ എന്ന് വിവേചിപ്പാനും, പരിജ്ഞാനപ്രകാരം അതായതു ദൈവത്തിന്റെ കണ്ണിലൂടെ നോക്കുമ്പോൾ അത് നന്മയോ തിന്മയോ എന്ന് തിരിച്ചറിയാനും കഴിയും എന്നുള്ളതാണ്. ഇങ്ങനെ നാം ദൈവഹിതവും മനുഷ്യന്റെ പ്രാണനിൽ നിന്ന് വരുന്ന ആശയങ്ങളും വേർതിരിച്ചറിഞ്ഞ് എല്ലാനിമിഷവും ദൈവനീതി ആകുന്ന കട്ടിയായ ആഹാരം ഉൾക്കൊണ്ടു ഗ്രഹിപ്പാൻ പ്രാപ്തരാകുന്നു. ഇതിനു നാം പരിശീലിപ്പിക്കപ്പെടുന്നത് വചനത്തിന്റെ സ്ഥിരമായ അഭ്യസനത്തിലൂടെ ആണ്. അതുകൊണ്ടാണ് കൃത്യമായ വചന അഭ്യസനം ഓരോ വിശ്വസിക്കും ആവശ്യമായിരിക്കുന്നത്. വചനം അവഗണിക്കുമ്പോൾ നാം അവഗണിക്കുന്നതു ക്രിസ്തുവിനെ തന്നെ ആണ്. അങ്ങനെ വചനം നമ്മുടെ ആവശ്യത്തിന് മാത്രമുള്ളത് വായിച്ച ശേഷം ദൈവത്തിന്റെ രക്ഷയുടെ പരിജ്ഞാനത്തിലേക്ക് നടക്കാൻ ഉള്ള വെളിപ്പാടിനെ തള്ളിക്കളയുന്നു.

അതുകൊണ്ട് നമ്മെക്കുറിച്ചു ദൈവം എന്ത് ആഗ്രഹിക്കുന്നുഎന്ന് നാം ഗ്രഹിക്കുന്നില്ല. ഓരോ നിമിഷവും നമുക്കായി കാത്തിരിക്കുന്ന സ്വർഗീയ അനുഗ്രഹങ്ങളെ ശ്രദ്ധിക്കുന്നില്ല. കുഞ്ഞിന് അതിന്റെ മാതാവിന്റെയോ പിതാവിന്റെയോ ആഗ്രഹങ്ങൾ എന്താണെന്നു അറിയില്ല. അതുപോലെ തന്നെ ആണ് ശൈശവാവസ്ഥയിലുള്ള വിശ്വാസി. കുഞ്ഞിന് അവന്റെ വിശപ്പ് മാത്രമേ അറിയൂ. അവന്റെ ആവശ്യങ്ങൾ മാത്രമേ അറിയൂ. ഇത് ആത്മീകമായി ഫലം പുറപ്പെടുവിക്കാത്ത അനേകം അൽപ്പവിശ്വാസികളെ കൊണ്ട് സഭകളെ നിറയ്ക്കുന്നു. അതുകൊണ്ട് ഇന്നത്തെ ആത്മീക സഭകളും യോഗങ്ങളും എല്ലാം ജഡീകരായ ഈ ശിശുവിശ്വാസകളുടെ വിശപ്പ് മാറ്റാൻ വേണ്ടി മാത്രം ആണ് ഇന്ന് പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് ക്രിസ്തുവിനെ ആഗ്രഹിക്കുന്ന, ആ ഉന്നതമായ നീതിയെ കൊതിക്കുന്ന വിശ്വാസിക്കു പോലും, ഇങ്ങനെ ഉള്ള യോഗങ്ങളിൽ പോയി ഉള്ളിൽ വസിക്കുന്ന കർത്താവിനെ മറന്നു, കർത്താവു ഐഹിക വിഷയങ്ങളിലേക്ക് ഇറങ്ങി പ്രവർത്തിക്കുന്നത് നോക്കിയിരിക്കുവാനുള്ള സാധ്യതയുണ്ട്.

ഇങ്ങനെയുള്ള വിശ്വാസികൾ, ഒരു വിവാഹസമയം ആവുമ്പോൾ, ഒരു ജോലി തിരഞ്ഞെടുക്കേണ്ടി വരുമ്പോൾ, ദൈവഹിതം അന്വേഷിച്ചു പരക്കം പായുകയും, അവരുടെ അതേ സ്വഭാവമുള്ള, നീതിയുടെ വചനത്തിൽ നിശ്ചയമില്ലാത്ത, പ്രവാചകന്മാരാലും അത്ഭുത പ്രവർത്തകരാലും വഞ്ചിതരാവുകയും ചെയ്യുന്നു.

ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ക്രിസ്തുവിനെ പോലെ ആകുവാനാണ്. നാം എപ്പോഴും അടിവരയിട്ടു മനസ്സിലാക്കേണ്ടതും ഓർത്തിരിക്കേണ്ടതുമായ കാര്യം യേശുക്രിസ്തുവിന്റെ നിലവാരത്തിൽ കുറഞ്ഞത് ഒന്നും സ്വർഗത്തിൽ സ്വീകാര്യമല്ല എന്നതാണ്.

നാം എന്തുതന്നെ പ്രവൃത്തി ചെയ്താലും അത് ക്രിസ്തുവിന്റെ നിലവാരത്തിൽ എത്തുകയോ ദൈവത്തിന്റെ അംഗീകാരം നേടുകയോ ഇല്ല. അതുകൊണ്ട് ക്രിസ്തു തന്നെ ആണ് നമ്മുടെ നീതിയും വിശുദ്ധിയും. ഇത് നാം പരിജ്ഞാനത്തിൽ പ്രാപിക്കുമ്പോൾ ആണ് നാം വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നത്.

•

# ഹൃദയശുദ്ധിയുടെ വലിമ

ദൈവത്തെ കാണുന്നതിനുള്ള മുൻവ്യവസ്ഥ, 'ഹൃദയശുദ്ധിയുള്ളവരാവുക' എന്ന് യേശുക്രിസ്തു പർവ്വതപ്രസംഗത്തിൽ പഠിപ്പിച്ചപ്പോൾ ശിഷ്യന്മാർ ചിലപ്പോൾ അതിന്റെ ആഴം ഗ്രഹിച്ചിട്ടുണ്ടാവില്ല. ഇന്നും നിർമ്മലഹൃദയത്തിനുടമകളായി, ക്രിസ്തുവിന്റെ ശിഷ്യരായി, ഈ വക്രതയുള്ള തലമുറയിൽ ജീവിക്കുക അത്ര എളുപ്പമല്ല!

പൊതുജീവിതത്തിൽ പരമാർത്ഥതയും സത്യസന്ധതയും വിശുദ്ധിയും കാത്തുസൂക്ഷിക്കുന്നവർ തുലോം കുറയുമ്പോഴാണ് നാം അനിന്ദ്യരും പരമാർത്ഥികളും ആകുവാൻ വിളിക്കപ്പെട്ടവരാണെന്നുള്ള ചിന്ത നമ്മെ ഭരിക്കേണ്ടത്. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായിരുന്ന ദാവീദിന്റെ പ്രാർത്ഥനയോടുള്ള ഏകീഭാവം നമുക്കും ആവശ്യമാണ്. ദാവീദിന്റെ പ്രാർത്ഥന ഇങ്ങനെ ആയിരുന്നു: 'ഭോഷ്ക്കിന്റെ വഴി എന്നോട് അകറ്റേണമേ, നിന്റെ ന്യായപ്രമാണം എനിക്ക് കൃപയോടെ നൽകേണമേ'. ഭോഷ്ക്കിന്റെ വഴി ഉപേക്ഷിച്ച് നിർമലഹൃദയത്തിനുടമയാകാനുള്ള ഹൃദയദൃഷ്ടിയുടെ പ്രകാശനം പരിശുദ്ധാത്മാവിലൂടെ നടക്കുന്ന പ്രക്രിയയാണ്. ഈ പ്രകാശനമാണ് യേശുക്രിസ്തുവിൽ പുതിയസൃഷ്ടി ആകാനുള്ള ആദ്യപടി.

ഹൃദയശുദ്ധിയുടെ ബഹുമുഖ കാര്യങ്ങൾ വചനത്തിലുടനീളം കാണാം. ഇസ്രയേൽ മക്കൾ കഠിനഹൃദയമുള്ളവരും മത്സരികളുമായിരുന്നുവെന്ന് തിരുവെഴുത്തുകളിൽ പലകുറി രേഖപ്പെടുത്തിയിട്ടുണ്ട്. അതുവഴി അവർക്കുണ്ടായ ദുർഗതി ഇന്നും ലോകസമാധാനത്തിന് തന്നെ ഭീഷണിയായിരിക്കുന്നു. സമാധാനപ്രഭുവായ യേശുവിനെ അവർ ദൂരെ അകറ്റി നിർത്തിയിരിക്കുന്നു! ആത്മതപനമുള്ള മനസ്സിനുടമകളാകാൻ ആണ് ദൈവം അനുശാസിക്കുന്നത്. പരമാർത്ഥഹൃദയത്തേക്കാൾ കുശാഗ്രതയും കൗശലവും ആണ് പലർക്കും ഇഷ്ടം. അത് ദൈവം വെറുക്കുന്നു എന്ന കാര്യം നാം മനസ്സോടെ മറന്നു കളയുന്നു! വിശുദ്ധരും നിഷ്കളങ്കരും ആകാൻ വിളിക്കപ്പെട്ടവർ ഇന്ന് മിടുക്കന്മാരും സാഹസികരും ഒന്നാമത് എത്തുവാനുള്ള നെട്ടോട്ടത്തിലുമാണ് എന്ന് പറയാതെ വയ്യ.

അതെ, അങ്ങോട്ടും ഇങ്ങോട്ടും നോക്കി അനാവശ്യ കാര്യങ്ങളിൽ ഇടപെട്ടുള്ള ക്രിസ്തീയ ജീവിതം അല്ല നമ്മിൽനിന്ന് ഉണ്ടാകേണ്ടത്. ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായി പോകാതിരിക്കാൻ ശുദ്ധഹൃദയവും നല്ല മനസ്സാക്ഷിയും നാം കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കേണ്ടതാണ്. അപ്പോഴാണ് ദൈവത്തെ കാണുവാൻ നാം യോഗ്യരാകുക.

-എംസി


നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.09.2024

NERVEEDHI - SEPTEMBER 2024
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

rp PUBLICATIONS

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ




വെയിലാറുന്ന നേരത്ത്
ചില മിനിറ്റുകൾ
തീരത്തുവന്നിരുന്നശേഷം
മടങ്ങിപ്പോകുന്ന
ഒരു സന്ദർശകനെപ്പോലെയല്ല
ആഴിപ്പരപ്പിലൂടെ പടകിലേറി
വല വീശി നീങ്ങുന്ന മുക്കുവൻ,
അയാൾ പലനാഴിക
തുഴഞ്ഞു നീങ്ങുമ്പോൾ
ആഴങ്ങളിൽ നിന്നുള്ള
മത്സ്യസമ്പത്തിനാൽ
തന്റെ പടകുനിറയ്ക്കുകയാണ്.
കുറെക്കൂടെ ആഴങ്ങളിൽ
തെരയുന്നവർക്ക്
ലഭിക്കുന്നത് വിലതീരാത്ത
മുത്തുകളായിരിക്കും.
ആഴിപ്പരപ്പിന്റെ ആകർഷണത്തേക്കാൾ
എത്രയോശ്രേഷ്ഠമാണ്
അതിന്റെ ആഴങ്ങളിലെ നിധി.

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

ഇപ്പോൾ ലഭ്യമാണ്

വചനം പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക്
ഏറ്റവും പ്രയോജനപ്രദമായ ക്രിസ്തീയ മാസിക
**നേർവീഥി**
വായിക്കുക... വരിക്കാരാവുക

*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Mob: 9495435336, 8547916678*
*www.nerveedhi.com*

RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.